

# തിരഞ്ഞെടുപ്പ്, സ്വയംഭരണാവകാശം, അവകാശങ്ങൾ എന്നിവയിലേക്ക്:

## ഗർഭച്ഛിദ്ര അവകാശങ്ങൾക്കായുള്ള ഒരു പ്രവർത്തന അജണ്ട

the yp foundation
feminist · intersectional · rights-based

# തിരഞ്ഞെടുപ്പ്, സ്വയംഭരണാവകാശം, അവകാശങ്ങൾ എന്നിവയിലേക്ക്:

## ഗർഭച്ഛിദ്ര അവകാശങ്ങൾക്കായുള്ള ഒരു പ്രവർത്തന അജണ്ട

the yp foundation
feminist · intersectional · rights-based

SAAF

IYAFP

# കൃതജ്ഞത

തങ്ങളുടെ വിലമതിക്കാനാവാത്ത കാഴ്ചപ്പാടുകൾക്കും സൂക്ഷ്മാന്വേഷണത്തിനും വർഷങ്ങളായി ഞങ്ങളുമായി സഹകരിക്കുന്ന എല്ലാ യുവ വക്താക്കളുടെ സംഭാവനയെ YP ഫൗണ്ടേഷൻ അംഗീകരിക്കുന്നു.

**ആശയവൽക്കരണം:** സുനന്യ ദേക ഒപ്പം യോഷിത ശ്രീവാസ്തവ
**ഗവേഷണവും എഴുത്തും:** രാഗിണി ബോർഡോലോയ്
**എഡിറ്റർ:** ദീപശിഖ ഘോഷ് ഒപ്പം പ്രഭലീൻ തുതെജ
**ഡിസൈൻ:** ശിഖ ശ്രീനിവാസ്
**ചിത്രീകരണം:** ശിഖ ശ്രീനിവാസ്
**വിവർത്തകർ:** കാകു ലഹോൻ - ആസാമീസ് വിവർത്തനം
കാവ്യ ഇക്കോഫെമിനിസ്റ്റ് - മലയാളം വിവർത്തനം
നേഹ കുമാരി - ഹിന്ദി വിവർത്തനം
തൻവിക ഗുല്യാനി - ഹിന്ദി വിവർത്തനം

**2023 ഒക്ടോബറിൽ പ്രസിദ്ധീകരിച്ചത്**

# ദി YP ഫൗണ്ടേഷനെ കുറിച്ച്

YP ഫൗണ്ടേഷൻ (TYPF) യുവജനങ്ങളെ കേന്ദ്രീകരിച്ചു അവരുടെ നേതൃത്വത്തിലുള്ള ഒരു സംഘടനയാണ്; അത് യുവജനങ്ങൾക്ക് ഹെൽത്ത് ഇക്വിറ്റി, ലിംഗനീതി, ലൈംഗികത അവകാശം തുടങ്ങിയ വിഷയങ്ങളിൽ തുല്യതാപരമായ അവകാശങ്ങൾ അടിസ്ഥാനമാക്കിയുള്ള നേതൃത്വം, സാമൂഹിക നീതി എന്നിവ ലഭ്യമാക്കുന്നു. TYPF-ന്റെ സേഫ് അബോർഷൻ ഫോർ എവരിവൺ (സേഫ്) പ്രോഗ്രാം അസമിൽ നിന്നും കേരളത്തിൽ നിന്നുമുള്ള യുവജനങ്ങൾക്കൊപ്പം പ്രവർത്തിക്കുന്നു. ഇത് സുരക്ഷിതമായ ഗർഭഛിദ്ര സേവനങ്ങൾക്കായി തെളിവ് അടിസ്ഥാനമാക്കിയുള്ള നടപടി സ്വീകരിക്കാനും അവകാശങ്ങളെ അടിസ്ഥാനമാക്കിയുള്ള ചട്ടക്കൂട് നിർമിക്കാനും, സർക്കാർ പങ്കാളികളുമായി നയ-തല ഇടപെടലുകൾ സുഗമമാക്കി ഗർഭച്ഛിദ്ര സേവന വിതരണം മെച്ചപ്പെടുത്താനും ശ്രമിക്കുന്നു.

**Contact Info**

/ theypfoundation

**പകർപ്പവകാശ പ്രസ്താവന**

ഈ പ്രസിദ്ധീകരണം വൈപി ഫൗണ്ടേഷൻ നിർമ്മിക്കുകയും സൃഷ്ടിക്കുകയും ചെയ്തതാണ്. ഇത് വിദ്യാഭ്യാസത്തിനായും വികസന ലക്ഷ്യങ്ങൾക്കായും ലഭ്യമാണ്. ഏതെങ്കിലും വിധത്തിൽ ഇതിനെ പുനരുപയോഗപ്പെടുത്തുന്നുണ്ടെങ്കിൽ ഞങ്ങളെ അറിയിക്കണം, ഒപ്പം ഈ യഥാർത്ഥ പ്രസിദ്ധീകരണത്തെ അർഹമായ ഇടത്തു അംഗീകരിക്കുകയും വേണം.

# കൃതജ്ഞത

ഈ ഗൈഡ് 2023-ൽ YP ഫൗണ്ടേഷൻ (TYPF) പ്രസിദ്ധീകരിച്ചതാണ്. ഗർഭച്ഛിദ്ര സേവനങ്ങളുടെ ദുഷ്കീർത്തി അവസാനിപ്പിക്കാൻ അശ്രാന്തമായി പ്രവർത്തിച്ച കേരളത്തിലേയും അസമിലേയും യുവജനങ്ങളുടെയും, ഗർഭച്ഛിദ്രാവകാശ മേഖലയെക്കുറിച്ചുള്ള ഞങ്ങളുടെ ധാരണ വളർത്തിയെടുക്കുന്നതിൽ പിന്തുണച്ച ഉപദേഷ്ടാക്കളുടെയും, ഭാരതത്തിലെ യുവജനങ്ങൾക്കായി സുരക്ഷിതമായ ഗർഭഛിദ്രത്തിനുള്ള അവകാശത്തെക്കുറിച്ചുള്ള ആഖ്യാനം വളർത്തിയെടുക്കാൻ ഇതുപോലൊരു രേഖ നിലവിലുണ്ടെന്ന് ഉറപ്പാക്കാൻ ഇതിന്റെ പിന്നണിയിൽ പ്രവർത്തിച്ച വൈപിയിലെ സഹപ്രവർത്തകരുടെയും അനുഭവങ്ങളും നേതൃത്വവും ഇല്ലാതെ ഈ ഗൈഡ് അസാധ്യമാകുമായിരുന്നു. ഈ ഡോക്യുമെന്റിൽ വിഷയപരമായ വൈദഗ്ധ്യം രൂപകൽപന ചെയ്യുന്നതിനും സന്ദർഭോചിതമാക്കുന്നതിനും ആശയങ്ങൾ ചേർക്കുന്നതിനും രാഗിണി ബോർഡോലോയ് നടത്തിയ പരിശ്രമങ്ങൾ, സമയം, സംഭാവന എന്നിവയെക്കുറിച്ച് പ്രത്യേകം പരാമർശിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അവരുടെ പിന്തുണയും പരിശ്രമവും ഇല്ലായിരുന്നെങ്കിൽ ഇത് സാധ്യമാകുമായിരുന്നില്ല. ഞങ്ങൾ ചെയ്യുന്ന ജോലിയിൽ വിശ്വാസമർപ്പിക്കാൻ സേഫ് അബോർഷൻ ആക്ഷൻ ഫണ്ടിനൊപ്പം(SAAF) ഈ ഗൈഡ് വികസിപ്പിക്കുന്നതിലും പ്രചരിപ്പിക്കുന്നതിലും ഇന്റർനാഷണൽ യൂത്ത് അലയൻസ് ഫോർ ഫാമിലി പ്ലാനിങ്ങും (IYAFP) നൽകുന്ന പിന്തുണ YP ഫൗണ്ടേഷൻ നന്ദിയോടെ ഏറ്റുപറയുന്നു.

# ഉള്ളടക്ക പട്ടിക

0 ഗൈഡിനെ കുറിച്ച് 04
- എന്തിനാണ് ഈ ഗൈഡ് വികസിപ്പിച്ചത്?
- ഈ ഗൈഡ് എങ്ങനെ ഉപയോഗിക്കാം

1 ഗർഭച്ഛിദ്രാവകാശങ്ങളുടെ അടിസ്ഥാനം 06
- ഗർഭച്ഛിദ്രാവകാശം ഒരു മനുഷ്യാവകാശമാണ്
- പൊതുജനാരോഗ്യത്തിൽ ഗർഭച്ഛിദ്രത്തിന്റെ പ്രസക്തി
- യുവജനങ്ങൾക്ക് ഗർഭച്ഛിദ്ര സേവനങ്ങളിലേക്കുള്ള പ്രവേശനം

2 നമുക്ക് തുടങ്ങാം! 10
- ഭാരതത്തിലെ സുരക്ഷിതവും നിയമപരവുമായ ഗർഭഛിദ്ര സേവനങ്ങളെ എങ്ങനെ സമീപിക്കാം

3 അപമാനത്തെയും തെറ്റായ വിവരങ്ങളെയും എങ്ങനെ നേരിടാം 14
- ഗർഭച്ഛിദ്രത്തിനെ കുറിച്ചുള്ള അപമാനത്തിന്റെയും തെറ്റായ വിവരങ്ങളുടെയും ഭാരതത്തിലെ ഉറവിടങ്ങൾ
- ഗർഭച്ഛിദ്രത്തെക്കുറിച്ചുള്ള പൊതുവായ മിഥ്യകളോടും തെറ്റിദ്ധാരണകളോടും ഉള്ള പ്രതികരണം
- ഗർഭച്ഛിദ്രത്തെക്കുറിച്ചുള്ള പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്നതിൽ മാധ്യമങ്ങളുടെ പങ്ക് മനസിലാക്കാം
- മാധ്യമങ്ങളുമായി ഫലപ്രദമായി ഇടപെടാനുള്ള തന്ത്രങ്ങൾ
- ഗർഭച്ഛിദ്ര അവകാശങ്ങളെ അടിസ്ഥാനമാക്കി സന്ദേശങ്ങൾ രചിക്കുന്നതിനുള്ള ഗൈഡ്

4 ഗർഭഛിദ്രാവകാശങ്ങളെ സംബന്ധിച്ച നയപരമായ ഇടപെടലിനുള്ള തന്ത്രങ്ങളും ഉപകരണങ്ങളും ........................ 24

- പ്രവർത്തകർ, സ്വാധീനം ചെലുത്തുന്നവർ, തീരുമാനകർത്താക്കൾ - ഇവരെ എങ്ങനെ തിരിച്ചറിയാം
- നമുക്ക് ഈ സംസാരം തുടരാം: തല്പരകക്ഷികളുമായുള്ള ആശയവിനിമയ മാർഗ്ഗങ്ങൾ എങ്ങനെ വളർത്താം

5 പൊതുജന പങ്കാളിത്തം എങ്ങനെ വർദ്ധിപ്പിക്കാം .............. 36

- പൊതുഇട പ്രവർത്തനങ്ങളിൽ പങ്കാളിത്തം വളർത്തുന്നതെങ്ങനെ
- സഖ്യങ്ങളിൽ പങ്കെടുക്കുന്ന വിധം
- ഡിജിറ്റൽ മാർഗ്ഗങ്ങളിലൂടെ പങ്കാളിത്തം വളർത്താം

6 വിഭവങ്ങൾ (റിസോഴ്സ്സ്) .............. 41

- ഗര്ഭച്ഛിദ്രാവകാശ വക്താക്കൾക്കുള്ള സ്വയം-പരിചരണ നുറുങ്ങുകൾ
- സുരക്ഷിതമായ ഗര്ഭച്ഛിദ്ര സേവനങ്ങളുടെ സമീപനം നടപ്പിലാക്കാൻ പ്രവർത്തിക്കുന്ന ശൃംഘലകളും സംഘടനകളും
- YP ഫൗണ്ടേഷന്റെ ചില സംരംഭങ്ങൾ
- അനുബന്ധ വായനാ സാമഗ്രികൾ

# ഈ ഗൈഡിനെ കുറിച്ച്

നിങ്ങൾ ഈ ഗൈഡ് വായിക്കുന്നുണ്ടെങ്കിൽ, സുരക്ഷിതമായ ഗർഭഛിദ്ര സേവനങ്ങളുടെ ലഭ്യതയ്ക്കായി എല്ലാ കൗമാരക്കാരുടെയും യുവജനങ്ങളുടെയും അവകാശങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനുള്ള സംരംഭത്തിൽ ചേരാനും നേതൃത്വം നൽകാനും തയ്യാറായ ഒരു യുവജന പ്രതിനിധി ആണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഞങ്ങളും ഈ വിശ്വാസത്തിൽ നിങ്ങളോടു ചേരുന്നു, അതിനാൽ ഈ ഒരു കൂട്ടായ്മയെ ശാക്തീകരിക്കാനായി ഞങ്ങളുടെ അനുഭവങ്ങൾ ഈ ഗൈഡിന്റെ രൂപത്തിൽ ഞങ്ങൾ നിങ്ങൾക്കായി ഇവിടെ അവതരിപ്പിക്കുന്നു. നിങ്ങൾക്ക് ഇത് ഉപയോഗപ്രദമാകുമെന്നു പ്രതീക്ഷിക്കുന്നു; അതുപോലെ തന്നെ ഈ വിഷയത്തിൽ പൊതുപ്രവർത്തനം ചെയ്യാൻ ആഗ്രഹിക്കുന്ന മറ്റുള്ളവരിലേക്കും ഈ ഗൈഡ് നിങ്ങൾ പങ്കിടുമെന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഗർഭച്ഛിദ്രത്തെയും അനുബന്ധ പ്രശ്നങ്ങളെയും കുറിച്ചുള്ള ചില അടിസ്ഥാന വിവരങ്ങൾ ഇവിടെ ഉൾപ്പെടുത്തിയിട്ടുണ്ട്, അതോടൊപ്പം ഗര്ഭച്ഛിദ്രത്തെപ്പറ്റിയുള്ള വിവരങ്ങൾ പരസ്യമാക്കുമ്പോൾ അവ അവലോകനം ചെയ്യുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള ചെക്ക്‌ലിസ്റ്റുകളും ഇവിടെ ചേർത്തിട്ടുണ്ട്. തുല്യതാപരവും, അവകാശങ്ങൾ അടിസ്ഥാനമാക്കിയുള്ളതുമായ വീക്ഷണകോണിൽ നിന്ന് ഗര്ഭച്ഛിദ്രത്തെപ്പറ്റിയുള്ള വിവരങ്ങൾ ഉൾപ്പെടുന്ന പുതിയ ഉറവിടങ്ങളുടെ രചനയും അറിയാനായി ഈ ഗൈഡ് ഉപയോഗിക്കാം.

## എന്തിനാണ് ഈ ഗൈഡ് വികസിപ്പിച്ചത്?

നിയമപരവും ഘടനാപരവുമായ മാറ്റങ്ങൾക്ക് എപ്പോഴും ഒരു തുടക്കമുണ്ട്. ഗർഭച്ഛിദ്രാവകാശങ്ങൾക്ക് ഇത് തുടങ്ങുന്നത് ശരിയായ അറിവ് പകരുന്നതിലും, ഇതിനായി ചോയ്സ്- ബേസ്ഡ് (തിരഞ്ഞെടുപ്പുകൾ-അടിസ്ഥാനമാക്കിയുള്ള) ഭാഷ ഉപയോഗിക്കുന്നിടത്താണ്. നിയമപരവും സാങ്കേതികവും ഭാഷാപരവുമായ തടസ്സങ്ങൾ കാരണം ഗർഭച്ഛിദ്രത്തെക്കുറിച്ചുള്ള ആശയവിനിമയം വളരെ ബുദ്ധിമുട്ടുള്ളതും, സങ്കീർണ്ണവും, പലപ്പോഴും അപ്രാപ്യവുമാണെന്നാണ് യുവജനങ്ങളുടെ വക്താക്കൾ എന്ന നിലയിൽ ഞങ്ങൾ കണ്ടുകൊണ്ടിരിക്കുന്നത്. ഗർഭച്ഛിദ്ര അവകാശങ്ങൾക്കായി പ്രവർത്തിക്കുന്ന സംഘടനകൾ ഈ അവകാശങ്ങളെ അടിസ്ഥാനമാക്കിയുള്ള മുഖ്യധാരാ സന്ദേശങ്ങൾ തയ്യാറാക്കുമ്പോൾ ഇതിലെ ബുദ്ധിമുട്ടുകളെക്കുറിച്ച് ചിന്തിക്കേണ്ടതുണ്ട്. ഘടനാപരമായ മാറ്റങ്ങളിലേക്ക് നയിക്കുന്ന അവകാശങ്ങളെ അടിസ്ഥാനമാക്കിയുള്ള സംഭാഷണം മുന്നോട്ട് കൊണ്ടുപോകുന്നതിൽ വിപുലമായ അനുഭവം ഉള്ളസംഘടനകൾ പോലും, അവകാശങ്ങളെ സ്ഥിരീകരിക്കുന്ന, ഇന്റർസെക്ഷണൽ ലെൻസിൽ നിന്ന് (ഇതിന്റെ എല്ലാ ഘടകങ്ങളെയും മനസ്സിലാക്കുന്ന വീക്ഷണകോണിൽ നിന്ന്) ഗര്ഭച്ഛിദ്ര പ്രഭാഷണത്തിൽ പങ്കെടുക്കാനും, ഈ സംഭാഷണങ്ങൾ നിലനിർത്താനുമുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗങ്ങൾ കണ്ടെത്താനും പാടുപെടുന്നുണ്ട്.

## ഈ ഗൈഡ് എങ്ങനെ ഉപയോഗിക്കാം

നിങ്ങള്ക്ക് അനുയോജ്യമെന്ന് തോന്നുന്നതുപോലെയാണ് ഇതിനെ ഉപയോഗിക്കേണ്ടത്; എന്നിരുന്നാലും ഞങ്ങൾ ചില നിർദേശങ്ങൾ ഇവിടെ കൊടുത്തിട്ടുണ്ട്. ഈ ഗൈഡിൽ 6 അധ്യായങ്ങളുണ്ട്. ഗർഭച്ഛിദ്ര സന്ദേശങ്ങൾ വ്യാപകമായി പ്രചരിപ്പിക്കാൻ, കാമ്പെയ്നുകൾ രൂപകൽപ്പന ചെയ്യാൻ, ആശയങ്ങൾ പ്രചരിപ്പിക്കാൻ, അവയിൽ പങ്കെടുക്കാനും, ഇവയിലൂടെ ലഘുലേഖകൾ, പോസ്റ്ററുകൾ, അറിയിപ്പ് പട്ടികകൾ തുടങ്ങിയ അച്ചടിച്ച വിവര-വിദ്യാഭ്യാസ-ആശയവിനിമയ (IEC) സാമഗ്രികൾ സൃഷ്ടിക്കാനും അനുബന്ധ പ്രവർത്തനങ്ങളിലും നിങ്ങൾക്ക് ഇവിടെയുള്ള വിവരങ്ങൾ ഉപയോഗിക്കാം. പ്രമേയപരമായി പ്രസ്സ് റിലീസുകൾ വികസിപ്പിക്കുന്നതിനും, സഹപാഠികളുമായും, മറ്റു യുവവക്താക്കളുമായും, കൂട്ടായ്മകളുമായും സംഭാഷണങ്ങൾ നടത്തുന്നതിനും, സോഷ്യൽ മീഡിയ (സമൂഹ മാധ്യമ) ഇടപഴകലിനും, സേവന ദാതാക്കളിൽ നിന്ന് പിന്തുണയും, സഖ്യവും സൃഷ്ടിക്കുന്നതിനും, അപമാന-രഹിതമായ സമീപനം നൽകാനും ഉറപ്പാക്കാനും കഴിയുന്ന വിവിധ തല്പരകക്ഷികളിൽ നിന്നും ഉത്തരവാദിത്തതോടുള്ള ഗർഭച്ഛിദ്ര പരിചരണം നേടുന്നതിനും നിങ്ങൾക്ക് ഇത് പരാമര്ശിക്കാം. പൊതുതലത്തിൽ ഞങ്ങളോടൊരുമിച്ചു പ്രവർത്തനം ആസൂത്രണം ചെയ്യാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഞങ്ങളുമായി ബന്ധപ്പെടാൻ മടിക്കരുത്. ഗർഭച്ഛിദ്രാവകാശങ്ങളെക്കുറിച്ചുള്ള സംഭാഷണം മുന്നോട്ട് കൊണ്ടുപോകാൻ സഹായിക്കുന്ന വിഭവങ്ങളുടെയും, മാർഗ്ഗങ്ങളുടെയും, ശാസ്ത്രങ്ങളുടെയും വിപുലമായ ശേഖരം ഇവിടെ പൂർണ്ണമായി കൂട്ടിച്ചേർക്കാൻ ചിലപ്പോൾ വിട്ടുപോയിട്ടുണ്ടാകുമെന്ന് ഞങ്ങൾ അംഗീകരിക്കുന്നു. ഇത് മനഃപൂർവമല്ല, എന്നിരുന്നാലും, ഞങ്ങളുടെ വായനക്കാരെ വളരെ അധികം അറിവുകൾ നൽകി ബുദ്ധിമുട്ടിക്കാനും ഞങ്ങൾ ആഗ്രഹിക്കുന്നില്ല; ഘട്ടം ഘട്ടമായുള്ള പ്രവർത്തനവും പഠനവും സുഗമമാക്കുന്നതിനായി ഈ ഗൈഡ് നിങ്ങൾ ഉപയോഗിക്കും എന്ന് വിശ്വസിക്കുന്നു.

# അധ്യായം 1:
# അബോർഷൻ അവകാശങ്ങളുടെ അടിസ്ഥാനങ്ങൾ



ഇന്ത്യയിൽ പ്രതിവർഷം
ഉണ്ടാകുന്ന **48.5 ദശലക്ഷം**
ഗർഭധാരണങ്ങളിൽ
**44% മനഃപൂർവ്വമല്ല**
ഉണ്ടാകുന്നത്.

ഇവയിൽ ഏകദേശം
**16 ദശലക്ഷം (77%)**
ഗർഭധാരണങ്ങളും
ഗർഭച്ഛിദ്രത്തിൽ കലാശിക്കുന്നു.

ഇന്ത്യയിൽ ഓരോ വർഷവും
**800,000 സുരക്ഷിതമല്ലാത്ത**
ഗർഭഛിദ്രങ്ങൾ നടക്കുന്നുണ്ട്,
ഇവയിൽ **10% മാതൃമരണത്തിൽ**
എത്തിച്ചേരുന്നു.

**ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 21 പ്രകാരം ഉറപ്പുനൽകുന്ന ജീവന്റെയും, സ്വാതന്ത്ര്യത്തിന്റെയും സ്വകാര്യതയുടെയും, തിരഞ്ഞെടുപ്പിന്റെയും സ്വയംഭരണത്തിന്റെയും, ഒക്കെ ഒഴിവാക്കാനാവാത്ത ഘടകമാണ് ഗർഭച്ഛിദ്രത്തിനുള്ള അവകാശം.**

1952-ൽ[1] നാഷണൽ ഫാമിലി പ്ലാനിംഗ് പദ്ധതിക്ക് തുടക്കമിട്ടതും, 1971-ൽ ഗർഭഛിദ്രം സംബന്ധിച്ച നിയമനിർമ്മാണവും നടത്തി, അതുവഴി ഗർഭച്ഛിദ്രത്തിനുള്ള സമീപനം നിയമവിധേയമാക്കുകയും വിശാലമാക്കുകയും ചെയ്ത് ലോകത്തിലെ തന്നെ ഏറ്റവും പുരോഗമിച്ച രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. 2021-ൽ ഭേദഗതി വരുത്തിയ മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രെഗ്നൻസി നിയമം MTP Act (വൈദ്യശാസ്ത്ര സംബന്ധമായ ഗർഭച്ഛിദ്ര നിയമം), നിലവിലുള്ള നിയമത്തിൽ അത്യാവശ്യമായ പരിഷ്കാരങ്ങൾ കൊണ്ടുവന്നു; എങ്കിലും ഗർഭച്ഛിദ്ര സേവനങ്ങൾ ഉപയോഗിക്കാനുള്ള ബുദ്ധിമുട്ടുകൾ ഇനിയും തുടരുന്നു, അവയും ഈ ഗൈഡിൽ ചർച്ച ചെയ്യപ്പെടും.

---

1 Ministry of Health and Family Welfare, Annual Report 2015-2016, Chapter 6 (Page No 81)

# ഗർഭച്ഛിദ്രാവകാശം ഒരു മനുഷ്യാവകാശമാണ്

1994-ൽ നടന്ന ജനസംഖ്യ വികസനം സംബന്ധിച്ച അന്താരാഷ്ട്ര സമ്മേളനത്തിൽ (ഇന്റർനാഷണൽ കോൺഫറൻസ് ഓൺ പോപുലേഷൻ ആൻഡ് ഡെവലപ്മെൻറ്) വെച്ചാണ് ഇന്ത്യയുൾപ്പെടെ[2] 179 രാജ്യങ്ങൾ - 'ഗർഭധാരണവും പ്രസവവും സ്വതന്ത്രമായ, അറിവോടുകൂടിയ തീരുമാനമാകണമെന്നത് ഒരു അടിസ്ഥാന മനുഷ്യാവകാശമാണെന്ന്' സമ്മതിച്ചത്.

**എന്നാലും സുരക്ഷിതമായ ഗർഭച്ഛിദ്ര സേവനങ്ങളുടെ ലഭ്യത ഇപ്പോഴും ഒരു മനുഷ്യാവകാശമായി കാണുന്നില്ല, അതിനാൽ എല്ലാവർക്കും സമഗ്രമായ ശാരീരിക സ്വയംഭരണത്തിനുള്ള അവകാശം ഉറപ്പാക്കാനുള്ള പോരാട്ടം തുടരുന്നു.**

ഗർഭച്ഛിദ്ര സേവനങ്ങൾ നിഷേധിക്കുന്നത് മനുഷ്യാവകാശങ്ങളുടെയും മൗലികാവകാശങ്ങളുടെയും ലംഘനമായി തന്നെ കണക്കാക്കണം. നമ്മുടെ പ്രത്യുത്പാദന ആരോഗ്യത്തിന്റെ തിരഞ്ഞെടുപ്പും നിയന്ത്രണവും നമ്മിൽ നിന്നും ആസൂത്രിതമായി തടയുന്നത്, ഈ മേഖലയിലെ നമ്മുടെ തുല്യ പങ്കാളിത്തത്തെ ദുർബലപ്പെടുത്തുന്നു; ഇതിനെ എന്തായാലും ചോദ്യം ചെയ്യണം. ഗർഭച്ഛിദ്രവകാശങ്ങളും മനുഷ്യാവകാശ പ്രതിബദ്ധതകളുമായുള്ള വൈരുദ്ധ്യങ്ങളും നിലനിൽക്കെ, നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി സുരക്ഷിതമായ ഗർഭച്ഛിദ്രവും ഗർഭഛിദ്രത്തിനു ശേഷമുള്ള പരിചരണവും ലഭിക്കുമെന്ന് ഉറപ്പാക്കാൻ വേണ്ടി, ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശ നിരീക്ഷണ സമിതി[3] രാജ്യങ്ങളോട് സ്വന്തം നിയമങ്ങളെ കൂടുതലായി വിലയിരുത്താൻ ആവശ്യപ്പെടുന്നുണ്ട്. ആഗോള സാഹചര്യങ്ങളോട് പ്രതികരിക്കുന്നതിൽ ഇന്ത്യൻ ഗവൺമെന്റ് ഉത്സാഹിക്കുന്നുണ്ടെങ്കിലും, ഗർഭച്ഛിദ്ര പരിചരണത്തിലേക്കുള്ള സമഗ്രവും നിരുപാധികവുമായ സമീപനത്തിലേക്കുള്ള വഴി വളരെ നീണ്ടതാണ്.

# പൊതുജനാരോഗ്യത്തിൽ ഗർഭച്ഛിദ്രത്തിന്റെ പ്രസക്തി



ആരോഗ്യ സംരക്ഷണത്തിനായി എല്ലാവർക്കും തുല്യമായ സമീപനത്തിനുള്ള അവകാശത്തിന്റെയും സ്വന്തം ശരീരത്തെക്കുറിച്ച് എടുക്കുന്ന തീരുമാനങ്ങളിൽ വ്യക്തിഗത സ്വയംഭരണത്തെ കേന്ദ്രീകരിക്കുന്നതിന്റെയും കാതലാണ് പ്രത്യുൽപാദന നീതി. എന്നാൽ, വളരെ അധികം പുരുഷാധിപത്യപരമായ ധാരണയുള്ള ഇടത്തിലാണ് വ്യക്തിസ്വാതന്ത്ര്യത്തെക്കുറിച്ചും പ്രത്യുൽപ്പാദന അവകാശങ്ങളെക്കുറിച്ചും ഇവിടെ സംവാദിക്കുന്നത് എന്നതും ശ്രദ്ധിക്കേണ്ടതാണ്.


**അതിനാൽ, ഗർഭച്ഛിദ്രാവകാശങ്ങൾ വ്യക്തികളുടെയും സമൂഹത്തിന്റെയും ശാരീരികവും മാനസികവും സാമൂഹികവുമായ ക്ഷേമത്തിൽ ചെലുത്തുന്ന സ്വാധീനത്തിന്റെ പ്രാധാന്യം മനസ്സിലാക്കി, ഗർഭച്ഛിദ്രാവകാശത്തെ ഒരു പൊതു ആരോഗ്യ പ്രശ്നമായി കാണണം. എല്ലാ വ്യക്തികളെയും ഒരുപോലെ കണ്ട്, പ്രത്യുൽപാദന ആരോഗ്യ സേവനങ്ങളിലേക്ക് സുരക്ഷിതവും തുല്യവുമായ സമീപനം ഉറപ്പാക്കാനും, അസമത്വങ്ങളെ അഭിസംബോധന ചെയ്യാനും, മൊത്തത്തിലുള്ള ആരോഗ്യവും ക്ഷേമവും പ്രോത്സാഹിപ്പിക്കുന്നതിനും പൊതുജനാരോഗ്യ പദ്ധതികൾ ശ്രമിക്കണം.**

2 https://www.unfpa.org/events/international-conference-population-and-development-icpd

3 https://www.unfpa.org/resources/core-international-human-rights-instruments

# യുവജനങ്ങൾക്ക് ഗർഭച്ഛിദ്ര സേവനങ്ങളിലേക്കുള്ള പ്രവേശനം

കൗമാരക്കാരുടെയും യുവജനങ്ങളുടെയും തീരുമാനങ്ങളും സാധ്യതകളും ഏത് സാഹചര്യത്തിലും കുറ്റാരോപിതമാവാറുണ്ട്, അതിപ്പോ ഗർഭച്ഛിദ്രം നടത്തിയാലും അല്ലെങ്കിൽ ഗർഭം തുടർന്നാലും; ഈ കുറ്റപ്പെടുത്തലിന്റെ ആക്കം കൂടുന്നത് പ്രത്യേകിച്ചും ഇവർ വ്യത്യസ്തമായ ജൻഡർ-ലൈംഗിക താല്പര്യങ്ങൾ, വ്യത്യസ്തമായ കല്യാണം അല്ലെങ്കിൽ ലൈംഗിക ബന്ധങ്ങളിൽ ഏർപ്പെടുന്ന കൗമാരക്കാരും യുവജനങ്ങളുമാണെങ്കിലാണ്. അവരുടെ പ്രായവും കൂടാതെ സാമൂഹിക നിലയും കാരണം ഗർഭധാരണത്തെക്കുറിച്ച് അറിവുള്ള തീരുമാനങ്ങൾ എടുക്കാൻ യുവജനങ്ങൾക്ക് കഴിവില്ല എന്ന് നിലവിൽ ഉള്ള ആശയങ്ങൾ കാരണം, പലപ്പോഴും, അവരുടെ തീരുമാനം മാതാപിതാക്കളോ രക്ഷിതാക്കളോ സേവന ദാതാക്കളോ പരിഗണിക്കാറില്ല. ഇവരുടെ അവകാശങ്ങൾ അംഗീകരിക്കപ്പെടാത്ത ആവാസവ്യവസ്ഥയിൽ ഇവർക്ക് ഗർഭച്ഛിദ്ര സേവനങ്ങൾ നിരസിക്കപ്പെടുന്ന സാഹചര്യം ഉണ്ടാവുന്നു, അഥവ ഇവർ ഈ സേവനങ്ങൾ ഉപയോഗിക്കുമ്പോൾ അസ്വസ്ഥത അനുഭവപ്പെടുന്നു, അല്ലെങ്കിൽ സുരക്ഷിതമല്ലാത്ത ഗർഭച്ഛിദ്ര സേവനം എടുക്കേണ്ടിവരുന്നു, കൂടാതെ ഇവർക്ക് ഗർഭച്ഛിദ്രം കഴിഞ്ഞുള്ള കരുതലും പരിമിതമായിട്ടാണ് പലപ്പോഴും ലഭിക്കുന്നത്. ലൈംഗിക, പ്രത്യുൽപാദന ആരോഗ്യ സേവനങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങളും നയങ്ങളും, ഗർഭനിരോധനവും ഗർഭഛിദ്രവും ഉൾപ്പെടെ, ഭേദഗതി വരുത്തിയ നിയമ വ്യവസ്ഥകൾക്കിടയിലും രാജ്യത്തെ യുവജനങ്ങൾക്ക് ലഭിക്കുന്നതിൽ കാര്യമായ നിയന്ത്രണമുണ്ട്. കൗമാരക്കാർക്കും ചെറുപ്പക്കാർക്കും ചിലവേറാത്തതും, എളുപ്പം നേടാവുന്നതും, അവരുടെ പ്രായത്തിന്റെയും സാഹചര്യത്തിന്റെയും ആവശ്യങ്ങൾക്ക് അനുയോജ്യമായ സേവനങ്ങൾ ആവശ്യമാണ് - ഇതിൽ ഉൾപ്പെടുന്നതാണ് സേവനങ്ങളുടെ ഉപയോഗം രഹസ്യമായി വെക്കുക, ഗുണഭോക്താവിനെ അപകീർത്തിപ്പെടുത്താതിരിക്കുക, മിതമായ നിരക്കിലുള്ള ആരോഗ്യ പരിരക്ഷ, നടപടിക്രമാനന്തര പരിചരണം മുതലായവ. നിർഭാഗ്യവശാൽ, കൗമാരക്കാരിലെ ഗർഭധാരണവും ഗർഭച്ഛിദ്രവും സമൂഹത്തിൽ വളരെ അധികം അപമാനിക്കപ്പെടുന്നത് കൊണ്ട്, പ്രായപൂർത്തിയായി വിവാഹിതരാകുന്നതുവരെയും ലൈംഗിക ബന്ധത്തിൽ ഏർപ്പെടുന്നത്തിൽ നിന്നും ഇവരെ സമൂഹം നിരുത്സാഹപ്പെടുത്തുന്നുണ്ട്. ഗർഭച്ഛിദ്രവും ഗർഭനിരോധന സേവനങ്ങളും തേടുമ്പോൾ, ഇവർ ലൈംഗികബന്ധത്തിൽ ഏർപ്പെടുന്നതായി സൂചിപ്പിക്കുന്നതിനാൽ, ഇവർ കൂടുതൽ അപമാനം നേരിടുന്നു; കുട്ടികളുടെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നുള്ള സംരക്ഷണ (പോക്സോ) നിയമത്തിന്റെയും നിർബന്ധിത റിപ്പോർട്ടിങ് വ്യവസ്ഥയുടെയും പശ്ചാത്തലത്തിൽ, ഗർഭച്ഛിദ്ര സേവനങ്ങൾ ഇവർക്ക് ലഭ്യമാക്കുന്നതും ഇപ്പൊ നിയമവിരുദ്ധമാകുന്നു. വൈവിധ്യമാർന്ന ഐഡന്റിറ്റികളും സാമൂഹിക നിലയിലും ഉള്ള യുവജനങ്ങളെ അവരുടെ അധികാരവും, പ്രത്യുൽപാദന സ്വയംഭരണവും വിനിയോഗിക്കാൻ പ്രാപ്തരാക്കുന്നതും, സുരക്ഷിതവും എളുപ്പം സമീപിക്കാവുന്നതും, മിതമായ നിരക്കിലുള്ള പ്രത്യുൽപാദന ആരോഗ്യ സേവനങ്ങൾക്കായുള്ള ഡിമാൻഡ് വെക്കുന്നതും, യുവജനങ്ങളുടെ നേതൃത്വത്തെ ശക്തിപ്പെടുത്തുകയും, ഈ പോരാട്ടങ്ങളിൽ അവരെ മുഖ്യധാരയിൽ എത്തിക്കുകയും ചെയ്യുന്നു.





# അധ്യായം 2:
# നമുക്ക് തുടങ്ങാം!

ഇന്ത്യയിലെ എംടിപി നിയമത്തിന് 2021-ൽ വരുത്തിയ ഭേദഗതിയിൽ എല്ലാവർക്കും ഗർഭച്ഛിദ്ര പരിചരണത്തിന്റെ സമീപനത്തിലും ലഭ്യതയിലും പുരോഗതി വരുന്ന തരത്തിൽ നിരവധി അനുമതികൾ അവതരിപ്പിച്ചിട്ടുണ്ട്. എന്നിരുന്നാലും, അവകാശങ്ങൾ അടിസ്ഥാനമാക്കിയുള്ള ചട്ടക്കൂടിന്റെ അഭാവം കാരണം ഗർഭച്ഛിദ്ര സേവനങ്ങൾ ലഭ്യമാകുന്ന ഇടങ്ങളിൽ ചില നിയന്ത്രണങ്ങൾ (പ്രായം, ലിംഗഭേദം, വൈകല്യം മുതലായ തലങ്ങളിൽ) സൃഷ്ടിക്കപ്പെടുന്നു; കൂടാതെ ഇത് നിരവധി മനുഷ്യാവകാശങ്ങളെ (സമത്വത്തിനുള്ള അവകാശം, ലിംഗ വിവേചനം, സ്റ്റീരിയോടൈപിങ്, ജീവിക്കാനുള്ള അവകാശം, വ്യക്തി സ്വാതന്ത്ര്യം, സ്വകാര്യതയ്ക്കുള്ള അവകാശം) ലംഘിക്കുന്നതും തുടരുന്നു. സ്ത്രീകൾക്കെതിരായ എല്ലാത്തരം വിവേചനങ്ങളും ഇല്ലാതാക്കുന്നതിനുള്ള യുഎൻ കൺവെൻഷൻ (CEDAW) കമ്മിറ്റി അതിന്റെ പൊതു ശുപാർശ 24-ൽ[4] പറയുന്നത് - ' സ്ത്രീകൾക്ക് ആരോഗ്യ സേവനങ്ങൾക്കും ഗർഭച്ഛിദ്രത്തിനും യാതൊരു നിയന്ത്രണങ്ങൾ ഏർപ്പെടുത്തരുതെന്നും ഇവയുടെ ലഭ്യത ഉറപ്പാക്കണമെന്നും' ആണ്.

2022-ൽ സൃഷ്ടിച്ച ഏറ്റവും പുതിയ WHO ഗർഭഛിദ്ര മാർഗ്ഗനിർദ്ദേശം ശുപാർശ ചെയ്യുന്നതിങ്ങനെയാണ്:

> **ഗർഭച്ഛിദ്രത്തെ പൂർണ്ണമായും നിയമപരമാക്കുക;**
>
> **സാഹചര്യത്തിനൊത്തു മാത്രം ഗർഭച്ഛിദ്ര സേവനങ്ങൾ നൽകുന്നത് നിർത്തലാക്കുക;**
>
> **ഗർഭച്ഛിദ്ര സേവനം ആവഷ്യപെടുന്ന ഏതൊരു പെൺകുട്ടിക്കും, സ്ത്രീക്കും, ഗർഭം ധരിച്ചിരിക്കുന്ന വ്യക്തിക്കും ഇവ ലഭ്യമാക്കുക;**
>
> **ഗർഭകാല പരിധികൾ നീക്കം ചെയ്യുന്നത് വഴി ഗർഭച്ഛിദ്ര സേവനങ്ങളിലേക്കുള്ള സമീപനത്തിൽ കാലതാമസം വരുത്താതിരിക്കുക;ഒപ്പം**
>
> **ഗർഭച്ഛിദ്രം ചെയ്യുന്നതിനുള്ള നിർബന്ധിത കാത്തിരിപ്പ് കാലയളവുകൾ നീക്കം ചെയ്യുക.**


ഇന്ത്യൻ ശിക്ഷാ നിയമത്തിലെയും (IPC), POCSO നിയമത്തിലെയും പ്രസക്തമായ വ്യവസ്ഥകൾ ഉൾപ്പെടെ രാജ്യത്തെ ഗർഭച്ഛിദ്ര സമീപനത്തെ ബാധിക്കുന്ന നിയമങ്ങളുടെ സമഗ്രമായ അവലോകനം നടത്താതെ ഇരിക്കുന്ന സാഹചര്യത്തിൽ, നിലവിലെ നിയമംമുതിർന്ന ഗർഭിണികൾക്ക് മാത്രമാണ് ഗർഭഛിദ്ര സേവനങ്ങളിലേക്കുള്ള സമീപനം സംരക്ഷിക്കുന്നത്. ട്രാൻസ്*ജെൻഡർ, നോൺബൈനറി വ്യക്തികൾ ഉൾപ്പെടെ മറ്റു വ്യക്തികളുടെ വൈവിധ്യമാർന്ന അനുഭവങ്ങൾ ഇവിടെ അംഗീകരിക്കപ്പെടുന്നില്ല.

4 CEDAW General Recommendation No. 24: Article 12 of the Convention (Women and Health)

# ഭാരതത്തിലെ സുരക്ഷിതവും നിയമപരവുമായ ഗർഭഛിദ്ര സേവനങ്ങളെ എങ്ങനെ സമീപിക്കാം

ഗർഭച്ഛിദ്ര സേവനങ്ങൾ തേടുമ്പോൾ, നിങ്ങളുടെ സുരക്ഷ, നിയമസാധുത, സേവനം ലഭിക്കുന്നതിന്റെ രഹസ്യസ്വഭാവം എന്നിവയ്ക്ക് മുൻഗണന നൽകേണ്ടത് അത്യാവശ്യമാണ്. 1971ലെ മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രെഗ്നൻസി (എംടിപി) ആക്ടിന്റെ സെക്ഷൻ 4 അനുസരിച്ച്, ഗവൺമെന്റിന്റെയോ ജില്ലാതല കമ്മിറ്റിയുടെയോ (ഡിഎൽസി) ആവശ്യമായ അംഗീകാരവും സർട്ടിഫിക്കേഷനും ഉപയോഗിച്ച് ഏത് സർക്കാർ ആശുപത്രിയിലും സ്വകാര്യ സ്ഥാപനങ്ങളിലും ഗർഭച്ഛിദ്ര സേവനങ്ങൾ നൽകാം. ഗവൺമെന്റിന്റെ മുൻകൂർ അനുമതിയില്ലാത്ത ആശുപത്രിയിലോ മറ്റ് സ്ഥാപനങ്ങളിലോ ഗർഭഛിദ്രം നടത്തുന്നത് നിയമവിരുദ്ധമായി കണക്കാക്കപ്പെടും. ഡിഎൽസിയുടെ അംഗീകാര സർട്ടിഫിക്കറ്റ് (ഫോം ബി) **പൊതുവായും വ്യക്തമായും പ്രദർശിപ്പിക്കേണ്ടത് പ്രധാനമാണ്.**

എന്നാലേ അവിടെ സന്ദർശിക്കുന്ന ആളുകൾക്ക് ഇത് എളുപ്പത്തിൽ ദൃശ്യമാകൂ. [റൂൾ 5 (7)] ഗർഭച്ഛിദ്രം തേടുന്നവർക്ക് പ്രസ്തുത ആശുപത്രിയിൽ/ക്ലിനിക്കിൽ നിയമപരമായ ഗർഭഛിദ്രം നടത്തുന്നുണ്ടോ എന്ന് തിരിച്ചറിയാൻ ഇത് സഹായിക്കും. ഫോം ബി സർട്ടിഫിക്കറ്റ് കാണാൻ ഇതുപോലെ ഇരിക്കും:



Regn. No. COMO/N/MTP/18/27

OFFICE OF THE CHIEF DISTRICT MEDICAL OFFICER, (NORTH DISTRICT)

DIRECTORATE OF HEALTH SERVICES, GOVT. OF NCT OF DELHI
GULABI BAGH, DELHI - 110007

Form B [Cat-B]

(See sub-rule (6) of rule 5)
Certificate of Approval

The place described below is hereby approved for the purpose of Medical Termination of Pregnancy Act, 1971 (34 of 1971)

AS READ WITHIN UPTO 24 WEEKS

Name of Place XYZ NURSING HOME
#201, BLOCK L, GULABI BAGH, DELHI – 110007

Name of Owner Dr Meera Kumar

Place : DELHI

Date : 29-10-2022

SIGNATURE
NAME Dr Dhruvan P
DESIGNATION OF APP AUTHORITY
SEAL

ഗർഭച്ഛിദ്രം ആഗ്രഹിക്കുന്ന വ്യക്തി അവരുടെ അറിവോടെയാണ് ഇത് നടക്കുന്നത് എന്ന സമ്മതം നല്കണമെന്നാണ് നിയമം. അതായത്, ഗർഭഛിദ്രം നടക്കുന്നതിന് മുമ്പ് സ്വമേധയാ, അറിവോടുകൂടി ആണ് ഇതിന് സമ്മതം നൽകുന്നത് എന്നർത്ഥം.

കൂടുതൽ വിവരങ്ങൾക്കായി ഞങ്ങളുടെ സേഫ് റിസോഴ്സ് ഹബ് സന്ദർശിക്കുക.


## അതായത്, അവകാശങ്ങൾ അടിസ്ഥാനമാക്കിയുള്ള ഗർഭച്ഛിദ്ര സേവനങ്ങളുടെ സമീപനം ഇനിപ്പറയുന്ന സന്ദർഭങ്ങളിൽ കൂടുതലായി ലഭ്യമാകും:

**1** പ്രത്യുൽപാദന അവകാശങ്ങളിൽ കേന്ദ്രീകരിച്ച ബോധവൽക്കരണം നടക്കുമ്പോൾ. തുടർന്നുള്ള ഭാഗങ്ങളിൽ അവകാശങ്ങളെ മുൻനിർത്തിയുള്ള ഭാഷ നിങ്ങൾക്ക് കാണാനാകും. 2022 സെപ്റ്റംബർ 29-ന് ഇന്ത്യൻ സുപ്രീം കോടതി വികസിപ്പിച്ചെടുത്ത നിയമശാസ്ത്രത്തിന്റെ വെളിച്ചത്തിൽ പ്രത്യുത്പാദന അവകാശം എങ്ങനെ ബാധകമാകുന്നു എന്ന് നമുക്ക് ശ്രദ്ധിക്കാം - "റൂൾ 3B(b) യുടെ ആനുകൂല്യം 18 വയസ്സിന് താഴെയുള്ള, സ്വന്തം അറിവോടും സമ്മതത്തോടും ലൈംഗിക ബന്ധത്തിൽ ഏർപ്പെടുന്ന, എല്ലാ പെൺകുട്ടികൾക്കും ലഭ്യമാകുമെന്ന് ഉറപ്പാക്കാൻ.... പ്രായപൂർത്തിയാകാത്ത കുട്ടിയുടെയും അവരുടെ രക്ഷിതാവിന്റെയും അഭ്യർത്ഥന പ്രകാരം, പോക്സോ നിയമത്തിന്റെ സെക്ഷൻ19(1) പ്രകാരം നൽകേണ്ടുന്ന വിവരങ്ങളിൽ പ്രായപൂർത്തിയാകാത്ത കുട്ടിയുടെ വ്യക്തിഗത വിശദാംശങ്ങൾ ഗർഭഛിദ്രം നൽകുന്ന രേജിസ്റെർഡ് ഡോക്ടർ (RMP) വെളിപ്പെടുത്തേണ്ടതില്ല..."

**2** നിയമ വ്യവസ്ഥകൾ വിശദീകരിക്കുന്ന IEC മെറ്റീരിയലുകൾ (പോസ്റ്ററുകൾ, ലഘുലേഖകൾ, ബ്രോഷറുകൾ എന്നിവ) പ്രാദേശിക ഭാഷകളിൽ വികസിപ്പിക്കുക; പ്രത്യേകിച്ച് കൗമാരക്കാർക്കും യുവജനങ്ങൾക്കും മനസ്സിലാകുന്ന രീതിയിൽ. ഗർഭച്ഛിദ്ര സേവനങ്ങൾ അന്വേഷിക്കുന്നവർക്കായി, വിവേചനരഹിതവും പൂർണ്ണവുമായ വിവരങ്ങളും,സേവന ദാതാക്കളുടെ ചുമതലകളും ഇതിൽ ഉൾപ്പെടുത്തണം.

**3** ഗർഭച്ഛിദ്രം തേടുന്നവരിൽ വ്യക്തികൾ എന്ന നിലയിലും അവരുടെ വ്യത്യസ്ത സന്ദർഭങ്ങളുടെയും വൈവിധ്യം തിരിച്ചറിയുക. നിരവധി ട്രാൻസ്*ജെൻഡർ വ്യക്തികളും നോൺ-ബൈനറി വ്യക്തികളും സേവന ദാതാക്കളുടെ പക്ഷപാതത്തിന്റെ ഇരകളോ, നിയമപരമായ പരിമിതികൾ കാണിച്ചു സേവനം നിഷേധിക്കപ്പെട്ടവരോ ആണ്. നിയമപരമായ വിവരങ്ങളും അവബോധവും ഈ തെറ്റിധാരണകൾ തകർക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ഒപ്പം സ്വയം-നിയന്ത്രിത ഗർഭഛിദ്രം, ടെലിമെഡിസിൻ, മെഡിക്കൽ അബോർഷൻ എന്നിവ അവരുടെ ഇഷ്ടത്തിനനുസരിച്ച് സമീപിക്കാൻ യുവജനങ്ങളെ പ്രാപ്തരാക്കുകയും ചെയ്താൽ നന്നായിരിക്കും.


**4** ഗർഭച്ഛിദ്ര സേവന ദാതാവിലും, അത് തേടുന്നവരിലും 'ഇഫ് യു നോ യു നോ iykyk' (അറിയാമെങ്കിൽ, നിങ്ങൾക്കറിയാം), എന്ന ആശയം പ്രയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുക. ഗർഭച്ഛിദ്രം നിങ്ങൾക്ക് ശരിയായ തീരുമാനമാണെന്ന് നിങ്ങൾക്കറിയാമെങ്കിൽ, നിങ്ങളെ അനുകൂലിക്കുന്നവരുടെ സുരക്ഷാ വലയം ഉണ്ടാക്കിയിട്ട്, ഗർഭച്ഛിദ്രവകാശത്തെ സമീപിക്കുക. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 21 ഉറപ്പുനൽകുന്ന മൗലികാവകാശമായ ജീവിക്കാനും വ്യക്തിസ്വാതന്ത്ര്യത്തിനും അവകാശമുള്ള ഒരു പൗരയായി കോടതി നിങ്ങളെ അംഗീകരിക്കുന്നുവെന്ന് ഓർക്കുക. ഗർഭച്ഛിദ്ര സേവനദാതാക്കൾക്കായി - നിങ്ങൾക്ക് ഒരു മുൻവിധിയും കൂടാതെ സേവനം നൽകാൻ അത്യാവശ്യമായ ചില വിവരങ്ങൾമാത്രമേ നിങ്ങൾക്ക് ചോദിക്കാൻ കഴിയൂ എന്ന് അറിയുക; ഇതിൽ കൂടുതൽ വിവരങ്ങൾ അന്വേഷിക്കാൻ ശ്രമിക്കുന്നത് ധാർമ്മികമായോ നിയമപരമായോ സ്വീകാര്യമല്ല; അതിനാൽ, അത്യാവശ്യ ചോദ്യങ്ങൾ എന്തെല്ലാമാണ്, ഇവയൊക്കെ എന്തുകൊണ്ട് ചോദിക്കണം എന്നതിനെക്കുറിച്ചുള്ള വസ്തുതാപത്രങ്ങൾ തയ്യാറാക്കി വെക്കുക.




# അധ്യായം 3:
# അപമാനത്തെയും തെറ്റായ വിവരങ്ങളെയും എങ്ങനെ നേരിടാം

# ഗർഭച്ഛിദ്രത്തിനെ കുറിച്ചുള്ള അപമാനത്തിന്റെയും തെറ്റായ വിവരങ്ങളുടെയും ഭാരതത്തിലെ ഉറവിടങ്ങൾ

ഗർഭച്ഛിദ്രത്തെ ഒരു കളങ്കമായും അപാനമായും കാണുന്നത് സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ള നിരവധി ഘടകങ്ങളുടെ സങ്കീർണ്ണമായ ഇടപെടലിന്റെ ഫലമാണ്. ചുവടെയുള്ള ചിത്രത്തിൽ നമ്മുടെ സമൂഹത്തിൽ ഗർഭച്ഛിദ്രത്തെ ചൊല്ലിയുള്ള കളങ്കത്തിന്റെയും അപാനത്തിന്റെയും വിവിധ തലങ്ങലാണ് (ഹെസിനി, 2014; ഇൻറോഡ്സ്, 2015) കാണിച്ചിരിക്കുന്നത്.




**ബഹുജന മാധ്യമങ്ങളും സംസ്കാരവും:** ജനപ്രിയ മാധ്യമങ്ങളിലെ ചിത്രങ്ങളുടെയും ഭാഷയുടെയും ഉപയോഗത്തിലൂടെ ഗർഭച്ഛിദ്ര സേവനങ്ങൾ ഉപയോഗിക്കുന്നവരെയും ദാതാക്കളെയും കുറ്റക്കാരാക്കിയുള്ള/ദുഷ്പ്രവർത്തികളിൽ ഏർപ്പെടുന്ന പോലെയുള്ള ചിത്രീകരണം.

**നിയമം:** ഗര്ഭച്ഛിദ്രത്തെ ക്രിമിനൽ കുറ്റമാക്കുന്ന നിയന്ത്രിത നിയമങ്ങളും നയങ്ങളും, ഗർഭച്ഛിദ്ര സേവനങ്ങൾ ഉപയോഗിക്കുന്നവരെയും ദാതാക്കളെയും കുറ്റവാളികൾ ആക്കുന്നു; അങ്ങനെ ഗർഭച്ഛിദ്രത്തെ രഹസ്യമാക്കാൻ ഏവരെയും പ്രേരിപ്പിക്കുന്നു.

**സ്ഥാപനപരം:** ഗർഭച്ഛിദ്ര സേവനങ്ങൾ ഉപയോഗിക്കുന്നവരെ കൂടുതൽ ഒറ്റപ്പെടുത്തുന്ന തരത്തിൽ ആരോഗ്യ കേന്ദ്രങ്ങളിൽ ഗർഭച്ഛിദ്ര സേവനങ്ങൾ ലഭ്യമാക്കുന്ന രീതി.

**സമൂഹം:** ഗർഭച്ഛിദ്ര സേവനങ്ങൾ ഉപയോഗിക്കുന്നവരെ പരസ്യമായി അപമാനിക്ക, ബഹിഷ്ക്കരിക്ക, നിരാകരിക്ക, തുടങ്ങിയ സാമൂഹിക മനോഭാവങ്ങളും പ്രവർത്തനങ്ങളും.

**വ്യക്തിതലത്തിൽ:** ഭയവും നാണക്കേടും കാരണം ഗർഭച്ഛിദ്ര സേവനങ്ങൾ ഉപയോഗിക്കുന്നവരെ സ്വയം ഒറ്റപ്പെടുത്തുക അല്ലെങ്കിൽ ഈ വിഷയം രഹസ്യമാക്കി വെക്കുക.

# ഗർഭച്ഛിദ്രത്തെക്കുറിച്ചുള്ള പൊതുവായ മിഥ്യകളോടും തെറ്റിദ്ധാരണകളോടും ഉള്ള പ്രതികരണം

**അവകാശങ്ങളെ അടിസ്ഥാനമാക്കിയുള്ളതും തെളിവുകൾ അടിസ്ഥാനമാക്കിയുള്ളതുമായ വിവരങ്ങൾ പ്രചരിപ്പിക്കുന്നതിലൂടെ ഗർഭച്ഛിദ്രത്തെക്കുറിച്ചുള്ള നിലവിലുള്ള മിഥ്യകളെയും തെറ്റിദ്ധാരണകളെയും പ്രതിരോധിക്കുക എന്നതാണ് അവകാശ-വക്താക്കളെന്ന നിലയിൽ നമ്മുടെ പ്രധാന ഉത്തരവാദിത്തം.**

ബോധവൽക്കരണം, വിജ്ഞാന വ്യാപനം, സാമൂഹിക വ്യാപനം എന്നിവയ്ക്കായി സൃഷ്ടിച്ച ഏതൊരു പ്രമാണവും വസ്തുതകൾക്കും തെളിവുകൾക്കും അനുസരിച്ചായിരിക്കണം; കൂടാതെ ഇവ മനുഷ്യാവകാശ ചട്ടക്കൂടിൽ അടിസ്ഥിതമായിരിക്കണം. ഇത്തരം കെട്ടുകഥകളെ അകറ്റുന്നതിനുള്ള ഒരു റഫറൻസായി ഇനിപ്പറയുന്ന പട്ടിക കാണുക. ഈ വിവരങ്ങൾ ഒരു ഫാക്സ്ഷീറ്റായി ഉപയോഗിക്കാം, അല്ലെങ്കിൽ പങ്കാളിത്ത പ്രവർത്തികൾ പ്രോത്സാഹിപ്പിക്കുന്നതിന് ഒരു പങ്കാളിത്ത പ്രവർത്തനം വികസിപ്പിക്കാം[5].

### *ഗർഭച്ഛിദ്രവുമായി ബന്ധപ്പെട്ട ആരോഗ്യ നടപടിക്രമങ്ങളെക്കുറിച്ചുള്ള മിഥ്യാധാരണകൾ*

| കെട്ടുകഥ/തെറ്റിദ്ധാരണ | വസ്തുത |
|---|---|
| **"അനേകം തവണ ഗർഭഛിദ്രം ചെയ്യുന്നത് അപകടകരമാണ്."** | സുരക്ഷിതമായ രീതികളും ക്രമീകരണങ്ങളും ഉപയോഗിച്ച് യോഗ്യതയുള്ള ഒരു സേവന ദാതാവ്, ഗർഭച്ഛിദ്ര സേവനങ്ങൾ നൽകുകയാണെങ്കിൽ , ഒന്നിലധികം ഗർഭച്ഛിദ്രങ്ങൾക്കുള്ള ഇനി നടക്കാൻ ഉള്ള സാധ്യത വർദ്ധിക്കുന്നില്ല. |
| **"രണ്ടാം ട്രൈമെസ്റ്ററിൽ (4,5,6 മാസങ്ങളിൽ) ഗർഭഛിദ്രം നടത്തുന്നത് അപകടകരമാണ്."** | ഗർഭച്ഛിദ്രം കഴിയുന്നത്ര നേരത്തെ നടത്തുന്നതാണ് സുരക്ഷിതം. എന്നിരുന്നാലും, മെഡിക്കൽ സാങ്കേതികവിദ്യയുടെ പുരോഗതിക്കൊപ്പം, സുരക്ഷിതമായ സാഹചര്യങ്ങളിൽ ഉചിതമായ ശുപാർശിത രീതികളോടെ പരിശീലനം ലഭിച്ച ദാതാക്കൾ നടത്തുമ്പോൾ രണ്ടാം ട്രൈമെസ്റ്ററിലും ഗർഭഛിദ്രം നടത്തുന്നത് സുരക്ഷിതമാണ്. |
| **"പച്ച പപ്പായ, എള്ള്, ശർക്കര എന്നിവ കഴിക്കുക, ലാറ്റക്സിൽ മുക്കിയ തണ്ടുകൾ ഗർഭപാത്രത്തിലേക്ക് തിരുകുക തുടങ്ങിയ വീട്ടുവൈദ്യങ്ങൾ ഗർഭച്ഛിദ്രത്തിനുള്ള രീതികളാണ്."** | ഈ രീതികളൊന്നും വൈദ്യശാസ്ത്രപരമായി അംഗീകരിക്കപ്പെട്ടിട്ടില്ല, ഇവ പിന്തുടരുന്നത് സുരക്ഷിതമല്ല. ഈ രീതികൾ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കും. |

5 Please note that the complete document can be accessed from The YP Foundation's publication that you can access from the website. Read the full document here.

| കെട്ടുകഥ/തെറ്റിദ്ധാരണ | വസ്തുത |
|---|---|
| **“ആദ്യ ഗർഭത്തിൽ ഗർഭഛിദ്രം നടത്തിയാൽ, ഭാവിയിലെ പ്രത്യുൽപാദന ശേഷിയെ ഇത് ബാധിക്കും”** | സുരക്ഷിതമായ സാഹചര്യങ്ങളിൽ ഗർഭച്ഛിദ്രം നടത്തിയാൽ, വന്ധ്യത ഉൾപ്പെടെയുള്ള ദീർഘകാല പ്രത്യാഘാതങ്ങൾ ഉണ്ടാകില്ല. എന്നാൽ, സുരക്ഷിതമല്ലാത്ത സാഹചര്യങ്ങളിൽ ഗർഭച്ഛിദ്രം നടത്തിയാൽ, ഭാവിയിൽ വന്ധ്യത വരെ എത്തിക്കാവുന്ന യോനീനാളം അണുബാധകളും, കഠിന രോഗാവസ്ഥയ്ക്കും മരണത്തിനും വരെ ഇടയാകാം. |
| **“വിപണിയിൽ മെഡിക്കൽ അബോർഷൻ (എംഎ) ഗുളികകളുടെ പ്രചാരം ലിംഗ-നിർണയത്തെ തുടർന്ന ഗർഭച്ഛിദ്രം വർധിപ്പിച്ചിട്ടുണ്ട്.”** | ആദ്യ ട്രൈമെസ്റ്ററിൽ അൾട്രാസോണോഗ്രാഫി (USG) വഴി ലിംഗനിർണയം സാധ്യമല്ല. ആദ്യ ട്രൈമെസ്റ്ററിലെ ഗർഭഛിദ്രത്തിനാണ് നിയമപരമായി എംഎ ഗുളികകൾ നിർദ്ദേശിക്കപ്പെടുന്നത്. ചില സന്ദർഭങ്ങളിൽ, ഡോക്ടറുടെ മേൽനോട്ടത്തിൽ, രണ്ടാമത്തെ ട്രൈമെസ്റ്ററിൽ ഒന്നിലധികം ഡോസുകൾ കൊടുത്തുകൊണ്ട് ഗർഭച്ഛിദ്രം നടത്താറുണ്ട്. |

***ഗർഭച്ഛിദ്രത്തിന്റെ നിയമസാധുതയെ ചുറ്റിപ്പറ്റിയുള്ള മിഥ്യാധാരണകൾ***

| കെട്ടുകഥ/തെറ്റിദ്ധാരണ | വസ്തുത |
|---|---|
| **“ഗർഭഛിദ്രം ഇന്ത്യയിൽ നിയമവിരുദ്ധമാണ്.”** | MTP (ഭേദഗതി) നിയമം 2021 അനുസരിച്ച്, ചില വ്യവസ്ഥകൾക്കനുസൃതമായി 20-24 ആഴ്ചകൾ എത്തിയാലും ഗർഭഛിദ്രം അനുവദനീയമാണ്; അങ്ങനെ ഗർഭച്ഛിദ്രം ഇന്ത്യയിൽ നിയമപരമായ ഒരു നടപടി ക്രമമാണ്. |
| **“ഗർഭനിരോധനം പരാജയപ്പെട്ട സാഹചര്യത്തിൽ ഒരു സ്ത്രീ അവളുടെ ഭർത്താവിന്റെ കൂടെ വന്നാൽ മാത്രമേ ഗർഭഛിദ്രം നടത്താൻ കഴിയൂ.“** | MTP ഭേദഗതി നിയമപ്രകാരം, ഗർഭച്ഛിദ്രം തേടുന്നയാളുടെ നിർവചനം “ഏതെങ്കിലും സ്ത്രീ അല്ലെങ്കിൽ അവളുടെ പങ്കാളി” എന്നാക്കി വിപുലീകരിച്ചതിനാൽ അവിവാഹിതരായ സ്ത്രീകൾക്കും ഗര്ഭനിരോധന മാർഗത്തിന്റെ പരാജയം മൂലമുള്ള ഗർഭത്തെ ഗർഭച്ഛിദ്രം ചെയ്യാൻ ആവശ്യപ്പെടാം. |
| **“വിവാഹിതരായ സ്ത്രീകൾക്ക് മാത്രമാണ് ഗർഭച്ഛിദ്രം അനുവദിച്ചിട്ടുള്ളത്.”** | MTP നിയമപ്രകാരം, വൈവാഹിക നില പരിഗണിക്കാതെ തന്നെ 24 ആഴ്ച വരെ ഉള്ള ഗർഭം അവസാനിപ്പിക്കാം. |

### ലിംഗപരമായ വേഷങ്ങളെയും/ഭൂമികയും സാമൂഹിക മാനദണ്ഡങ്ങളെയും കുറിച്ചുള്ള മിഥ്യാധാരണകൾ

| കെട്ടുകഥ/തെറ്റിദ്ധാരണ | വസ്തുത |
| --- | --- |
| **"ഗർഭച്ഛിദ്രം ലിംഗ-നിർണയത്തെ പ്രോത്സാഹിപ്പിക്കുന്നു"** | കുട്ടിയുടെ ലിംഗമനുസരിച്ചു കുട്ടിയോട് താല്പര്യം കാണിക്കുന്നതും, ലിംഗനിർണ്ണയവും തമ്മിൽ വേർതിരിച്ചറിയേണ്ടതുണ്ട്. 'ലിംഗാധിഷ്ഠിത വിവേചനത്തിന്റെ രൂപത്തിൽ പ്രത്യേക ലിംഗത്തിലുള്ള കുട്ടികളോടുള്ള താല്പര്യക്കുറവ് ജനനത്തിനു ശേഷവും തുടരുന്നു'. സ്വന്തം ശാരീരിക അവകാശങ്ങൾ സംബന്ധിച്ച് ആരോഗ്യകരവും സമ്മതത്തോടെയുള്ളതുമായ തീരുമാനം എടുക്കാൻ സുരക്ഷിതമായ ഗർഭച്ഛിദ്രം ലഭ്യമാക്കണം. |
| **"വിവാഹേതര ഗർഭഛിദ്രത്തെ അധാർമികമായാണ് കാണുന്നത്."** | ബന്ധത്തിൽ ഏർപ്പെടാൻ രണ്ടു പേർക്കും, പ്രത്യേകിച്ച് സ്ത്രീക്ക്, പൂർണമായ സമ്മതമില്ലാത്ത സാഹചര്യത്തിൽ കുട്ടികളെ വളർത്തുന്നതിലും ശിശുജനനത്തെക്കുറിച്ചും ഉള്ള പുരുഷാധിപത്യ സങ്കൽപ്പങ്ങൾ പ്രോത്സാഹിപ്പിക്കരുത്. ഗർഭാവസ്ഥയിൽ തുടരണമോ വേണ്ടയോ എന്നത് ഗർഭിണിയുടെ കൃത്യമായ അവകാശമായിരിക്കണം, അവരുടെ ഈ അവകാശം തിരഞ്ഞെടുക്കാൻ വേണ്ടി മാത്രം ഒരു ബന്ധത്തിൽ ഏർപ്പെടാൻ അവരെ നിർബന്ധിക്കരുത്. |
| **"ഗർഭച്ഛിദ്രം സ്ത്രീകളെ വേശ്യകളുടെ സ്ഥാനത്തിലെത്തിക്കുന്നു"** | സ്വയം ഗർഭച്ഛിദ്ര സേവനങ്ങൾ തിരഞ്ഞെടുക്കുന്നവരുടെ സ്വഭാവത്തെ അപകീർത്തിപ്പെടുത്തുന്നതും അനാദരിക്കുന്നതും തിനും സാമൂഹികമായി നിയമാനുസൃതമാക്കുന്നതിനാണ്, ഗർഭച്ഛിദ്രത്തെ ചുറ്റിപ്പറ്റിയുള്ള സാമൂഹിക അപമാനവാദം രൂപകൽപ്പന ചെയ്തിരിക്കുന്നത് എന്നത് ശ്രദ്ധിക്കേണ്ടതാണ്. |

## ഗർഭച്ഛിദ്രത്തെക്കുറിച്ചുള്ള പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്നതിൽ മാധ്യമങ്ങളുടെ പങ്ക് മനസിലാക്കാം

ഗർഭച്ഛിദ്ര സേവനങ്ങളും പരിചരണവും തേടുന്നവരെ ഏതെങ്കിലും നിഷേധാത്മക അർത്ഥങ്ങളിൽ മാധ്യമങ്ങൾ പ്രദർശിപ്പിച്ചാൽ, അതിന് പൊതുജന അഭിപ്രായം സൃഷ്ടിക്കുന്നതിൽ വളരെ അധികം സ്വാധീനം ഉണ്ടെന്നാണ് സൂചനകൾ. അച്ചടി മാധ്യമങ്ങളിലും സിനിമകളിലും ഗർഭച്ഛിദ്രത്തെ (തെറ്റായി) പ്രതിനിധീകരിക്കുന്നതിൽ ഇന്ത്യൻ മുഖ്യധാരാ മാധ്യമങ്ങൾക്കുള്ള പങ്ക് ആശങ്കയ്ക്ക് കാരണമാകുന്നു. അച്ചടി മാധ്യമങ്ങൾ, ടിവി, സിനിമകൾ, മുതലായവയിൽ ഗർഭച്ഛിദ്രത്തെക്കുറിച്ചുള്ള പൊതുവായ മാധ്യമ ചിത്രീകരണങ്ങളുടെ വിശകലനം ചെയ്താൽ, നെഗറ്റീവ് സ്റ്റീരിയോടൈപ്പുകൾ, പക്ഷപാതപരമായ ആഖ്യാനങ്ങൾ, അല്ലെങ്കിൽ ഉദ്വേഗമുണ്ടാക്കുന്ന തരത്തിൽ വിഷയത്തെ അവതരിപ്പിക്കുക, എന്നിവയിലൂടെ ഗർഭച്ഛിദ്രത്തിന്റെ കളങ്കത്തെ/അപമാനത്തെ എങ്ങനെ ശക്തിപ്പെടുത്തുന്നുവെന്ന് തെളിയിക്കാനാകും. വാർത്താ ലേഖനങ്ങൾ, ഡോക്യുമെന്ററികൾ, മറ്റ് മാധ്യമ മാർഗ്ഗങ്ങൾ, എന്നിവയിലൂടെ ഗർഭച്ഛിദ്രത്തെക്കുറിച്ചുള്ള കൃത്യവും വിശ്വസനീയവുമായ വിവരങ്ങൾ മാധ്യമ സ്ഥാപനങ്ങൾ പ്രചരിപ്പിക്കണം.

ഗർഭച്ഛിദ്രത്തെക്കുറിച്ചുള്ള കൃത്യവും വിശ്വസനീയവുമായ വിവരങ്ങൾ നൽകാനും, മിഥ്യകളെ ചെറുക്കാനും, സാമൂഹിക മാനദണ്ഡങ്ങളെ അഭിസംബോധന ചെയ്യാനും, വൈവിധ്യമാർന്ന വീക്ഷണങ്ങളുടെ/ ജീവിതരീതികളുടെ പ്രാതിനിധ്യം ഉറപ്പാക്കാനും, പൊതുമാധ്യമങ്ങളെ പ്രയോജനപ്പെടുത്താം.

## മാധ്യമങ്ങളുമായി ഫലപ്രദമായി ഇടപെടാനുള്ള തന്ത്രങ്ങൾ

പത്രപ്രവർത്തകർക്കും മീഡിയ പ്രവർത്തകർക്കുമായി ശിൽപശാലകൾ സംഘടിപ്പിക്കുകയും, അവിടെ ഗർഭച്ഛിദ്ര-വാർത്തകൾ പ്രചരിപ്പിക്കുന്നതിലെ ഭാഷാ മാറ്റത്തിന്റെ ന്യായീകരണവുമായി നിങ്ങളുടെ സംഭാഷണം രൂപപ്പെടുത്തുന്നതിന് ചുവടെയുള്ള ചെക്ക്‌ലിസ്റ്റ് ഉപയോഗിക്കുക. ഓർക്കുക: ഗർഭച്ഛിദ്രത്തിന്റെ സന്തുലിതവും വസ്തുതാധിഷ്ഠിതവുമായ പ്രചരണം നൽകാനും, ഗര്ഭച്ഛിദ്രത്തോട് അനുബന്ധിച്ചു ഏതെങ്കിലും പ്രശ്നത്തെക്കുറിച്ച് റിപ്പോർട്ടു ചെയ്യുമ്പോൾ കളങ്കപ്പെടുത്തുന്ന ഭാഷ ഒഴിവാക്കാനും മാധ്യമപ്രവർത്തകർക്ക് ധാർമ്മിക ഉത്തരവാദിത്തമുണ്ട്.







ഗർഭച്ഛിദ്രത്തെക്കുറിച്ചുള്ള അവകാശാധിഷ്ഠിത വീക്ഷണം അവതരിപ്പിക്കുന്നതിനും നിങ്ങളുടെ സന്ദർഭത്തിന്റെയും പ്രദേശത്തിന്റെയും അനുഭവങ്ങളെ അടിസ്ഥാനമാക്കി പ്രശ്നത്തിൽ ഉൾക്കാഴ്ചകൾ നൽകുന്നതിനും ഫെമിനിസം ഇൻ ഇന്ത്യ, യൂത്ത്കിആവാസ്, മറ്റ് പ്രാദേശിക പത്രങ്ങൾ, മാഗസിനുകൾ, ഓൺലൈൻ പ്ലാറ്റ്ഫോമുകൾ എന്നീ ഡിജിറ്റൽ പ്രിന്റ് മാധ്യമങ്ങളിൽ അഭിപ്രായങ്ങൾ സമർപ്പിക്കുക.

ഡിജിറ്റൽ മാധ്യമ ഇടപെടൽ, ആഖ്യാന നിർമ്മാണം, എന്നിവയുടെ വക്താക്കളും സഹകാരികളും ആകാൻ കഴിയുന്ന യുവജനങ്ങളുടെ ഒരു ശൃംഖല സൃഷ്ടിക്കുക.




അവകാശങ്ങൾ സ്ഥിരീകരിക്കുന്ന ഭാഷ ഉപയോഗിച്ച് പോഡ്കാസ്റ്റുകൾ നിർമ്മിക്കാൻ കമ്മ്യൂണിറ്റി റേഡിയോ ഉൾപ്പെടെയുള്ള റേഡിയോ ചാനലുകൾ ഉപയോഗിക്കുക.

# ഗർഭച്ഛിദ്ര അവകാശങ്ങളെ അടിസ്ഥാനമാക്കി സന്ദേശങ്ങൾ രചിക്കുന്നതിനുള്ള ഗൈഡ്

ഗർഭച്ഛിദ്രാവകാശങ്ങളെക്കുറിച്ച് സംസാരിക്കുമ്പോൾ അവകാശങ്ങളെ അടിസ്ഥാനമാക്കിയുള്ള ഭാഷ സജീവമായി ഉപയോഗിക്കുന്നത് വാദിക്കാനും/പ്രോത്സാഹിപ്പിക്കാനും ഇനിപ്പറയുന്ന ചെക്ക്‌ലിസ്റ്റ് സഹായിക്കും. ഇന്റർനാഷണൽ സേഫ് അബോർഷൻ ദിനം, ലോക ജനസംഖ്യാ ദിനം, ലൈംഗിക, പ്രത്യുൽപാദന ആരോഗ്യ അവബോധ ദിനം തുടങ്ങിയ പ്രധാന നിരീക്ഷണ ദിവസങ്ങളിൽ ഇത് പ്രത്യേകിച്ചും സഹായകരമാണ്.

| കളങ്കവും/ അപമാനവും പ്രചരിപ്പിക്കുന്ന (ഒഴിവാക്കേണ്ട) ഭാഷയും ചിത്രങ്ങളും | ബദലായി ഉപയോഗിക്കേണ്ട അവകാശങ്ങൾ അടിസ്ഥാന- മാക്കിയുള്ള ഭാഷ/ ചിത്രം | ഇതിനുള്ള കാരണവിചാരണം |
|---|---|---|
| **1. കുഞ്ഞിനെ/ ശിശുവിനെ ഗർഭച്ഛിദ്രം ചെയ്യുക; മരിച്ച കുഞ്ഞ്; ഗർഭസ്ഥ ശിശു; കുഞ്ഞിനെ സൂക്ഷിക്കുക** | **ഭ്രൂണം (10 ആഴ്ച വരെയുള്ള ഗർഭകാലത്തിൽ ഉള്ള അവസ്ഥ); ഗർഭപിണ്ഡം (ഗർഭകാലത്തിന്റെ 10-ആം ആഴ്ച മുതൽ ജനനം വരെ ഉള്ള അവസ്ഥ); ഗർഭം അവസാനിപ്പിക്കൽ;**<br><br>**ഗർഭം തുടരാനുള്ള തീരുമാനം** | ഭ്രൂണത്തെയോ ഗർഭപിണ്ഡത്തെയോ ശിശുവെന്നോ കുട്ടിയെന്നോ അഭിസംബോധന ചെയ്യുന്നത് വൈദ്യശാസ്ത്രപരമായി കൃത്യമല്ല, കാരണം ശിശു/ കുട്ടി എന്നത് ജനനത്തിന് ശേഷമുള്ള അവസ്ഥയെ കേന്ദ്രീകരിക്കുന്ന വാക്കുകളാണ്. |
| **2. പെൺ-ഭ്രൂണഹത്യ** | **ലിംഗനിർണയത്തെ തുടർന്നുള്ള**<br><br>**ഗർഭച്ഛിദ്രം** | '-സൈഡ്' എന്ന പ്രത്യയം (ഒടുവിലത്തെ വിശേഷണപദം) 'കൊലയെ/ ഹത്യയെ' സൂചിപ്പിക്കുന്നു, ഗർഭച്ഛിദ്രത്തെ വിവരിക്കുമ്പോൾ ഇത് അനുയോജ്യമല്ല.<br><br>ഗർഭപിണ്ഡത്തിന്റെ പ്രവചിക്കപ്പെട്ട ലിംഗത്തെ അടിസ്ഥാനമാക്കി ഗർഭധാരണം അവസാനിപ്പിക്കാൻ തിരഞ്ഞെടുക്കുന്ന രീതിയിലുള്ള സമ്പ്രദായത്തെ വിവരിക്കുന്നതാണ് ഇവിടെ കൂടുതൽ കൃത്യം. |

| കളങ്കവും/ അപമാനവും പ്രചരിപ്പിക്കുന്ന (ഒഴിവാക്കേണ്ട) ഭാഷയും ചിത്രങ്ങളും | ബദലായി ഉപയോഗിക്കേണ്ട അവകാശങ്ങൾ അടിസ്ഥാന-മാക്കിയുള്ള ഭാഷ/ ചിത്രം | ഇതിനുള്ള കാരണവിചാരണം |
|---|---|---|
| 3. മുക്തിപ്രാപിക്കുക/ നശിപ്പിക്കുക/ മോചിപ്പിക്കുക/ തുരത്തുക/ ഒഴുപ്പിക്കുക | ഗർഭധാരണ കാലാവധി പൂർത്തീകരിക്കേണ്ട എന്ന് തീരുമാനിക്കുക; ഗർഭധാരണം അവസാനിപ്പിക്കാൻ തീരുമാനിക്കുക | അശ്രദ്ധയോടെ ഗർഭധാരണം അവസാനിപ്പിക്കുന്നതിന്റെ സൂചന ഒഴിവാക്കണം. പകരം, അത് അറിവോടുകൂടിയുള്ള തീരുമാനമായി ഉയർത്തിക്കാട്ടുന്ന-തിലായിരിക്കണം ശ്രദ്ധ ചെലുത്തേണ്ടത്. |
| 4. ജീവനെ അനുകൂലിക്കുന്ന (പ്രോ-ലൈഫ്) | തിരഞ്ഞെടുപ്പിന് വിരുദ്ധം; ഗർഭച്ഛിദ്രത്തിന് വിരുദ്ധം | നിയമപരമായ അബോർഷൻ സേവനത്തെ പിന്തുണയ്ക്കുന്നവർ 'ജീവന് എതിരാണ്' (ആന്റി ലൈഫ് ആണ്)' എന്ന് പ്രോ-ലൈഫ് എന്ന വാചകം സൂചിപ്പിക്കുന്നുണ്ട്, ഇത് കൃത്യമല്ല. |
| 5. അനാവശ്യ ഗർഭധാരണം | ഉദ്ദേശിക്കാത്ത ഗർഭധാരണം; ആസൂത്രിതമല്ലാത്ത ഗർഭധാരണം | ഒരു വ്യക്തി ഗർഭിണിയാകാൻ ശ്രമിക്കാത്തപ്പോൾ അവർ ഉദ്ദേശിക്കാത്തതോ, ആസൂത്രിതമല്ലാത്തതോ ആയ ഗർഭധാരണം സംഭവിക്കുന്നു, അതിന് "അനാവശ്യം" എന്ന വാക്ക് പോലെ നിഷേധാത്മകമായ അർത്ഥങ്ങൾ ഇല്ല. |

| കളങ്കവും/ അപമാനവും പ്രചരിപ്പിക്കുന്ന (ഒഴിവാക്കേണ്ട) ഭാഷയും ചിത്രങ്ങളും | ബദലായി ഉപയോഗിക്കേണ്ട അവകാശങ്ങൾ അടിസ്ഥാന-മാക്കിയുള്ള ഭാഷ/ ചിത്രം | ഇതിനുള്ള കാരണവിചാരണം |
|---|---|---|
| **6. പ്രത്യക്ഷത്തിൽ ഗർഭിണിയായ സ്ത്രീകളുടെ ചിത്രങ്ങൾ.**<br>**ഉദാഹരണം:**<br><br>**ഉറവിടം: ബിബിസി ഇന്ത്യ** | **ഗഭചിദ്രം നടത്തുന്ന (എംഎ) ഗുളികകളുടെ ചിത്രങ്ങൾ; വൈവിധ്യമാർന്ന ആളുകളെ പ്രതിനിധികരിക്കുന്ന ചിത്രീകരണം.**<br>**ഉദാഹരണം:**<br> | പ്രത്യക്ഷത്തിൽ ഗർഭിണിയായ വ്യക്തിയെ കാണിക്കാൻ എപ്പോഴും സ്ത്രീയെ മാത്രം ഉപയോഗിച്ചാൽ, ഇത് ഗർഭച്ഛിദ്ര സേവന അന്വേഷകരുടെ നിർവചനം വികസിപ്പിക്കില്ല. അതുപോലെ, ഗർഭച്ഛിദ്ര രീതികൾ കാണിക്കുന്നത് ഗർഭഛിദ്രത്തെ ഒരു സാധാരണ മെഡിക്കൽ നടപടിക്രമമായി കാണാനും, സാമൂഹികമായി വിവേചനം നേരിട്ട് ഉൾപ്പെടാതിരിക്കാനും സഹായിക്കുന്നു. |
| **7. വേദനാജനകമായ വികാരങ്ങൾ ഉള്ളവരുടെ ചിത്രങ്ങൾ ഗർഭച്ഛിദ്രം തേടുന്നവരെ കാണിക്കാൻ ഉപയോഗിക്കുന്നു.**<br>ഉദാഹരണം:<br><br>ഉറവിടം: സിഎൻഎൻ | **നിഷ്പക്ഷമായ മുഖഭാവം ഉള്ള വ്യക്തികളുടെ/ ആനിമേറ്റഡ് ഗ്രാഫിക്സ് ചിത്രങ്ങൾ ഉപയോഗിക്കുന്നത് മികച്ച ബദലാണ്.**<br>**ഉദാഹരണം:**<br> | വേദനാജനകമായ വികാരങ്ങൾ മാത്രം കാണിക്കുന്ന ചിത്രങ്ങൾ ഉപയോഗിക്കുന്നത്,<br>ഗർഭച്ഛിദ്രം തിരഞ്ഞെടുക്കുന്ന എല്ലാ ആളുകളും വിഷമിക്കുകയോ അസ്വസ്ഥരാകുകയോ ചെയ്യുന്നു എന്ന മിഥ്യയെ ശാശ്വതമാക്കുന്നു. നേരെമറിച്ച്, മിക്ക ആളുകളും സ്വമേധയാ അവരുടെ ജീവൻ രക്ഷിക്കാനുള്ള മാർഗമായി ഗർഭച്ഛിദ്രത്തെ തിരഞ്ഞെടുക്കുന്നതാണ. |

| കളങ്കവും/ അപമാനവും പ്രചരിപ്പിക്കുന്ന (ഒഴിവാക്കേണ്ട) ഭാഷയും ചിത്രങ്ങളും | ബദലായി ഉപയോഗിക്കേണ്ട അവകാശങ്ങൾ അടിസ്ഥാന-മാക്കിയുള്ള ഭാഷ/ ചിത്രം | ഇതിനുള്ള കാരണവിചാരണം |
|---|---|---|
| **8. ഉദ്വേഗമുണ്ടാക്കുന്ന ചിത്രങ്ങൾ**<br>**ഉദാഹരണം:**<br> | **ഗർഭച്ഛിദ്രം നടത്തുന്നയാൾക്ക് നൽകുന്ന പരിചരണവും, പിന്തുണയും കാണിക്കുന്ന നിഷ്പക്ഷവും, അംഗീകാരദ്യോതകമായ ചിത്രങ്ങൾ**<br>**ഉദാഹരണം:**<br> | ഗർഭച്ഛിദ്രത്തെക്കുറിച്ചുള്ള നാടകീയവും വികലവുമായ ചിത്രങ്ങൾ പ്രേക്ഷകരിൽ ഭയവും ഉദ്വേഗവുംമുണ്ടാക്കി കൊണ്ട് ഞെട്ടികാണാന് ലക്ഷ്യമിടുന്നത്. സുരക്ഷിതമായ ഗർഭച്ഛിദ്രത്തെ പ്രതിനിധീകരിക്കാൻ ഇത്തരം ചിത്രങ്ങൾ ഉപയോഗിക്കരുത്. |
| **9. ഗർഭപിണ്ഡങ്ങളുടെ ചിത്രങ്ങൾ**<br>**ഉദാഹരണം:**<br><br>**ഉറവിടം: ലൈവ്ലോ.ഇൻ** | **ആരോഗ്യപ്രവ-ർത്തകരുമായി ഇടപഴകുന്ന വ്യക്തിയുടെ ചിത്രങ്ങൾ.**<br>**ഉദാഹരണം:**<br><br>**ഉറവിടം: കെജെകെ ഹോസ്പിറ്റൽ, കേരളം** | ഗർഭപിണ്ഡത്തിന്റെ ഗ്രാഫിക് ചിത്രങ്ങൾ തെറ്റിദ്ധരിപ്പിക്കുന്നതും പലപ്പോഴും ഗർഭച്ഛിദ്രങ്ങൾ സംഭവിക്കുന്ന ഗർഭകാലപ്രായത്തെ-ക്കുറിച്ചുള്ള മിഥ്യകൾ സ്ഥിരീകരിക്കുന്നതുമാണ്. യഥാർത്ഥത്തിൽ ഗർഭച്ഛിദ്രങ്ങളിൽ ഭൂരിഭാഗവും ആദ്യ ട്രൈമെസ്റ്ററിലാണ് സംഭവിക്കുന്നത്. |

ഈ ചെക്കലിസ്റ്റ് IPPF-ന്റെ "ഗർഭച്ഛിദ്രത്തെക്കുറിച്ച് എങ്ങനെ സംസാരിക്കാം: അവകാശങ്ങൾ അടിസ്ഥാനമാക്കിയുള്ള സന്ദേശങ്ങൾ രചിക്കാനുള്ള ഒരു ഗൈഡ്" എന്നതിൽ നിന്ന് അനുരൂപപ്പെടുത്തിയതാണ്.



# അധ്യായം 4:
# ഗർഭഛിദ്രാവകാശങ്ങളെ സംബന്ധിച്ച നയപരമായ ഇടപെടലിനുള്ള തന്ത്രങ്ങളും ഉപകരണങ്ങളും

**മിക്കവാറും എല്ലാ ഗർഭഛിദ്രാവകാശ ശ്രമങ്ങളുടെയും പരമപ്രധാനമായ ലക്ഷ്യം ഗർഭച്ഛിദ്ര സേവനങ്ങൾ എല്ലാ പശ്ചാത്തലത്തിലുമുള്ള ആളുകൾക്ക് എത്തിക്കുകയും, ഇതിന്റെ ചെലവ് താങ്ങാനാവുന്നത് ആക്കുന്നതും ആണെങ്കിലും, ശക്തമായ ഒരു ഗർഭച്ഛിദ്ര സേവന വ്യവസ്ഥ ശൃംഖല ഉണ്ടായിരിക്കേണ്ടതും അവകാശങ്ങൾ ലഭ്യമാക്കുന്നതിന്റെ നിർണായക ഘടകമാണ്.**

യുവ നേതാക്കൾ നയിക്കുന്ന കൃത്യവും, നിർദ്ദിഷ്ടവുമായ, ഉത്തരവാദിത്ത-കേന്ദ്രീകൃത പ്രക്രിയകൾ ഉപയോഗിച്ചാൽ, അവകാശങ്ങൾ പ്രാപ്തമാക്കുന്ന അന്തരീക്ഷത്തിന്റെ ആവശ്യകത വർദ്ധിപ്പിക്കാനാകും. പ്രത്യുൽപാദന അവകാശങ്ങൾ സംരക്ഷിക്കുകയും, സുരക്ഷിതവും നിയമാനുസൃതവുമായ ഗർഭച്ഛിദ്ര സേവനങ്ങളിലേക്കുള്ള സമീപനം ഉറപ്പാക്കുകയും ചെയ്യുന്ന സമഗ്രമായ നയങ്ങൾ ലഭിക്കാനായി, പ്രസക്തമായ നയനിർമ്മാതാക്കൾ, നിയമനിർമ്മാതാക്കൾ, സർക്കാർ ഏജൻസികൾ എന്നിവരുമായി തെളിവുകൾ അടിസ്ഥാനമാക്കിയുള്ള വിവരണ നിർമ്മാണ തന്ത്രങ്ങൾ ഉപയോഗിക്കേണ്ടതുണ്ട്. യുണൈറ്റഡ് നേഷൻസ് പോപ്പുലേഷൻ ഫണ്ടിന്റെ (യുഎൻഎഫ് പിഎ) സ്റ്റേറ്റ് ഓഫ് ദ വേൾഡ് പോപ്പുലേഷൻ റിപ്പോർട്ട് 2023 പോലെയുള്ള റിപ്പോർട്ടുകളിലെ വിവരങ്ങൾ ഉപയോഗിച്ചോ, അല്ലെങ്കിൽ സ്വന്തം തെളിവുകൾ സൃഷ്ടിച്ചോ ഈ പ്രവർത്തനം ആരംഭിക്കാവുന്നതാണ്.

വിവരാവകാശ നിയമത്തിൽ വിവരിച്ചിരിക്കുന്നതുപോലെ വിവരാവകാശ അപേക്ഷ നൽകുകയോ സേഫ് റിസോഴ്സ് ഹബ്ബിലെ മിസ്റ്ററി ക്ലയന്റ് (അജ്ഞാത ഉപഭോക്താവ്) സമീപനം പോലുള്ള മാർഗ്ഗങ്ങൾ ഉപയോഗിച്ചോ നിങ്ങൾക്ക് തെളിവുകൾ/വസ്തുതകൾ കണ്ടെത്താനാകും.

## വിവരങ്ങൾ തേടുന്നതിനുള്ള ചോദ്യങ്ങളുടെ ഒരു പട്ടിക ഇതാ:

1. നിലവിൽ എത്ര യുവജനങ്ങൾക്കാണ് ഗർഭഛിദ്ര സേവനങ്ങൾ ആവശ്യമായിട്ടുള്ളത്?
2. ഗർഭച്ഛിദ്രത്തിന് ശരിയായ കൗൺസിലിംഗ് ലഭ്യമല്ലെന്ന് എത്ര ചെറുപ്പക്കാർ രേഖപ്പെടുത്തുന്നു?
3. അറിവോടുകൂടി തീരുമാനമെടുത്തു സുരക്ഷിത ദാതാക്കളിലൂടെ മിതമായ നിരക്കിൽ ഗർഭച്ഛിദ്ര സേവനങ്ങൾ ലഭിക്കുന്നതായി എത്ര ചെറുപ്പക്കാർ രേഖപ്പെടുത്തിയിട്ടുണ്ട്?
4. ഗർഭച്ഛിദ്രം നടത്താനുള്ള തങ്ങളുടെ ശ്രമത്തിൽ വിവേചനം നേരിട്ടതായി എത്ര ചെറുപ്പക്കാർ രേഖപ്പെടുത്തിയിട്ടുണ്ട്? അവർ ഏതൊക്കെ രീതിയിലാണ് വിവേചനത്തിന് വിധേയരായത്?
5. വിവേചനത്തിന്റെ അനുഭവത്തോട് ചെറുപ്പക്കാർ എങ്ങനെ പ്രതികരിക്കുന്നു? തൽഫലമായി, ഔദ്യോഗിക സേവനദാതാവ് മുഖേന ഗർഭച്ഛിദ്രം നടത്തേണ്ടെന്ന് അവർ തീരുമാനിച്ചോ അതോ പകരം സുരക്ഷിതമല്ലാത്തതും വിശ്വസനീയമല്ലാത്തതുമായ ബദലുകൾ അന്വേഷിച്ചിരുന്നോ?
6. ഗർഭച്ഛിദ്ര സേവനങ്ങളെ സമീപിക്കുന്നതിൽ താഴ്ന്ന വരുമാനമുള്ള പശ്ചാത്തലങ്ങൾ, ഗ്രാമപ്രദേശങ്ങൾ, അല്ലെങ്കിൽ ന്യൂനപക്ഷ സമുദായങ്ങൾ എന്നിങ്ങനെ പാർശ്വവൽക്കരിക്കപ്പെട്ട വിവിധ വിഭാഗങ്ങളിൽ പെട്ട ചെറുപ്പക്കാർ നേരിടുന്ന പ്രത്യേക വെല്ലുവിളികൾ എന്തൊക്കെയാണ്?
7. പ്രായം, സ്ഥാനം, ജാതി, സാമ്പത്തിക, വൈവാഹിക നില, എന്നിവ യുവൻജനങ്ങളുടെ ഗർഭച്ഛിദ്രത്തിലേക്കുള്ള സമീപനത്തെ ബാധിക്കുമോ?
8. വ്യത്യസ്ത ലിംഗ സ്വത്വങ്ങളും ലൈംഗിക ആഭിമുഖ്യവുമുള്ള ചെറുപ്പക്കാർ എങ്ങനെയാണ് ഗർഭച്ഛിദ്രത്തെ സമീപിക്കുന്നത്? അവർ അഭിമുഖീകരിക്കുന്ന അതുല്യമായ തടസ്സങ്ങൾ എന്തൊക്കെയാണ്?
9. യുവജനങ്ങൾക്കായുള്ള ഗർഭച്ഛിദ്രത്തെക്കുറിച്ചുള്ള വിവരങ്ങളുടെ ഉറവിടങ്ങൾ എന്തൊക്കെയാണ്? ഇവർ ഈ വിവരങ്ങളെ എങ്ങനെ സമീപിക്കും?
10. ഗർഭച്ഛിദ്രം സംബന്ധിച്ച് കൃത്യവും വിവരക്ഷമത നേടാനുള്ളതുമായ വിവരം എത്ര ശതമാനം യുവജനങ്ങൾക്കുണ്ട്?
11. ഗർഭച്ഛിദ്ര സേവനങ്ങളെ യുവജനങ്ങൾ സമീപിക്കുമ്പോൾ അപകീർത്തിപ്പെടുത്തൽ, അറിവില്ലായ്മ, പരിമിതമായ പിന്തുണ, തുടങ്ങിയ എന്തെല്ലാം സാമൂഹിക-സാംസ്കാരിക തടസ്സങ്ങളാണ് ഇവർ നേരിടുന്നത്?

- ഇംഗ്ലീഷിൽ/ഹിന്ദിയിൽ/സംസ്ഥാനത്തിന്റെ ഔദ്യോഗിക ഭാഷയിൽ RTI എഴുതാം.
- അപേക്ഷ നല്കുന്നയാളുടെ മുഴുവൻ പേരും, ബന്ധപ്പെടാനുള്ള വിശദാംശങ്ങളും, വിലാസവും സൂചിപ്പിക്കുക.
- വിവരങ്ങൾ അന്വേഷിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ഫീസായി പൊതു അധികാരിയുടെ അക്കൗണ്ട്സ് ഓഫീസർക്ക് 10 രൂപ നൽകേണ്ടതാണ്; ഇത് ഡിമാൻഡ് ഡ്രാഫ്റ്റ്/ബാങ്ക് ചെക്ക്/ ഇന്ത്യൻ പോസ്റ്റൽ ഓർഡർ ആയി രജിസ്റ്റർ ചെയ്ത തപാൽ വഴി അയയ്ക്കുക.
- അപേക്ഷയ്ക്ക് 30 ദിവസത്തിനുള്ളിൽ പ്രതികരണം ഇല്ലെങ്കിലോ, പ്രതികരണം അപൂർണ്ണമാണെങ്കിലോ, ഫസ്റ്റ് അപ്പീൽ അതോറിറ്റിക്ക് (എഫ്എഎ) ആദ്യ അപ്പീൽ സമർപ്പിക്കാം.

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവീസസ്,
തിരുവനന്തപുരം, കേരളം - 695035.

സർ/മാഡം,

**വിഷയം:** വിവരാവകാശ നിയമപ്രകാരം (2005) ഇനിപ്പറയുന്ന വിവരങ്ങൾ അഭ്യർത്ഥിക്കുന്നു.

1. തിരുവനന്തപുരം ജില്ലയിൽ ഗർഭഛിദ്ര സേവനങ്ങൾ നൽകുന്ന രജിസ്റ്റർ ചെയ്ത - സർക്കാർ ആശുപത്രികൾ, സ്വകാര്യ ആശുപത്രികൾ, നഴ്സിംഗ് ഹോമുകൾ, മറ്റ് ക്ലിനിക്കൽ സ്ഥാപനങ്ങൾ എന്നിവയുടെ ലിസ്റ്റ് ദയവായി നൽകുക.
2. രജിസ്റ്റർ ചെയ്ത ഓരോ ആരോഗ്യ സ്ഥാപനങ്ങളിലും (ചോദ്യം 1-ൽ സൂചിപ്പിച്ചിരിക്കുന്ന) അനുവദനീയമായ/ഉപയോഗിച്ച/പരിശീലിച്ച അംഗീകൃത ഗർഭഛിദ്ര രീതികളുടെ ലിസ്റ്റ് ദയവായി നൽകുക.
3. ഈ ആരോഗ്യ സ്ഥാപനങ്ങളിൽ (ചോദ്യം 1-ൽ സൂചിപ്പിച്ചിരിക്കുന്ന) ഗർഭച്ഛിദ്രത്തിന് മുമ്പും ശേഷവും കൗൺസിലിംഗ് സേവനങ്ങൾ നൽകുന്നുണ്ടോ എന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ ദയവായി നൽകുക.

മേൽപ്പറഞ്ഞ വിവരങ്ങൾ തേടുന്നതിനായി ഞാൻ കോടതി ഫീസ് സ്റ്റാമ്പ് (10/- രൂപ മൂല്യത്തിന്) ഒട്ടിച്ചിട്ടുണ്ട്. വിവരങ്ങളുടെ ഏതെങ്കിലും ഭാഗം നിങ്ങളുടെ ഓഫീസിൽ/ഡിപ്പാർട്ട്മെന്റിൽ ലഭ്യമല്ലെങ്കിൽ, 2005-ലെ വിവരാവകാശ നിയമത്തിലെ സെക്ഷൻ 6(3) പ്രകാരം, ആ പ്രത്യേക ചോദ്യം ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റിന് അയയ്ക്കുക, ഒപ്പം എന്നെ കൃത്യമായി അറിയിക്കുക.

ആദരവോടെ,

[അപേക്ഷ നൽകുന്ന വ്യക്തിയുടെ പേര്, തീയതി, സ്ഥലം.]

# പ്രവർത്തകർ, സ്വാധീനം ചെലുത്തുന്നവർ, തീരുമാനകർത്താക്കൾ - ഇവരെ എങ്ങനെ തിരിച്ചറിയാം

നമ്മുടെ കാമ്പെയ്നിലൂടെ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്ന ഉത്തരവാദിത്ത പ്രക്രിയയ്ക്ക് പ്രസക്തമായ സർക്കാർ സ്ഥാപനങ്ങളെയും നയങ്ങൾ രൂപിക്കുന്നവരെയും മനസ്സിലാക്കേണ്ടത് പ്രധാനമാണ്. ദേശീയ തലത്തിൽ ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയം ഇന്ത്യയിലെ ആരോഗ്യ നയവുമായി ബന്ധപ്പെട്ട ഏറ്റവും ഉയർന്ന മന്ത്രാലയമാണെങ്കിലും, ഇന്ത്യൻ ഭരണഘടന പ്രകാരം പൊതുജനാരോഗ്യം വലിയതോതിൽ സംസ്ഥാന വിഷയമാണ് എന്നത് ശ്രദ്ധിക്കേണ്ടതാണ്.ഇതിനർത്ഥം, ഇന്ത്യയിലെ ഓരോ സംസ്ഥാനങ്ങളിലും ജില്ലകളിലുമുള്ള ആരോഗ്യ വകുപ്പുകൾക്ക് അവരുടേതായ പ്രത്യേക സംഘടനാ ഘടനയായിരിക്കും എന്നാണ്. കേന്ദ്ര സർക്കാറിനെ ആശ്രയിക്കാതെ, സ്വന്തമായ ആരോഗ്യ പരിപാലന സംവിധാനം ഓരോ സംസ്ഥാനത്തിനുമുണ്ട്.

സംസ്ഥാന തലത്തിൽ ഏറ്റവും ഉയർന്ന സ്ഥാപനം, സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പാണ്. ഇതിന് നേതൃത്വം നൽകുന്നത് സംസ്ഥാന മന്ത്രിയാണ്. ഇതിലെ സെക്രട്ടേറിയറ്റ്, ആരോഗ്യ-കുടുംബക്ഷേമം വകുപ്പിന്റെ IAS കേഡറിൽ പെട്ട സെക്രട്ടറി/കമ്മീഷണറുടെ കീഴിലാണ്. സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പായി ബന്ധപ്പെട്ട, സാങ്കേതിക വിഭാഗം ഓഫീസാണ് സ്റ്റേറ്റ് ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവീസസ്; ഇതിന് നേതൃത്വം നൽകുന്നത് ഡയറക്ടർ ഓഫ് ഹെൽത്ത് സർവീസസ് ആണ് [6].

സംസ്ഥാന തലത്തിലും ജില്ലാതലത്തിലും ആരോഗ്യ സംവിധാനങ്ങളുടെ അടിസ്ഥാന സംഘടനാപരവും ഭരണപരവുമായ സജ്ജീകരണം മനസിലാക്കുന്നതിനും, ഇവിടെ തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയയിൽ ഉൾപ്പെട്ടിരിക്കുന്ന നിർദ്ദിഷ്ട ഉദ്യോഗസ്ഥരെയും കമ്മിറ്റികളെയും തിരിച്ചറിയുന്നതിനും, ഈ ചാർട്ട് ഉപയൊഗപ്പെടുത്തുക:

6 For more clarity, visit the website of the health department of your respective state government. For example, here is the organisational structure of Govt. of Kerala's Health and Family Welfare Department:

## സംസ്ഥാന തലത്തിൽ

### സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം

- സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ മന്ത്രിയുടെ നേതൃത്വത്തിൽ.
- ആരോഗ്യ നയങ്ങൾ രൂപീകരിക്കുന്നു, അവരുടെ ഓഫീസുകളിൽ ഈ നയങ്ങൾ നിരീക്ഷിക്കുന്നതിനും നടപ്പിലാക്കുന്നതിനും മേൽനോട്ടം വഹിക്കുന്നു

### സംസ്ഥാന സെക്രട്ടേറിയറ്റ്

- പ്രിൻസിപ്പൽ സെക്രട്ടറി/കമ്മീഷണർ നേതൃത്വം നൽകുന്നു, ജോയിന്റ് സെക്രട്ടറിമാർ ഒപ്പം ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ്(ഐഎഎസ്) കേഡറിൽ ഉൾപ്പെടുന്ന അഡ്മിനിസ്ട്രേറ്റീവ് ഉദ്യോഗസ്ഥരും സഹായിക്കുന്നു.

### സംസ്ഥാന ആരോഗ്യ ഡയറക്ടറേറ്റ്

- പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും സംസ്ഥാന ഗവൺമെന്റിന്റെ മുഖ്യ സാങ്കേതിക ഉപദേഷ്ടാവായ ഹെൽത്ത് സർവീസസ് ഡയറക്ടറുടെ നേതൃത്വത്തിൽ.
- എല്ലാ ആരോഗ്യ പ്രവർത്തനങ്ങൾ, മെഡിക്കൽ വിദ്യാഭ്യാസം, പരിശീലനങ്ങൾ, ഗവേഷണം, സ്കീമുകൾ നടപ്പിലാക്കൽ, എന്നിവ സംഘടിപ്പിക്കുന്നതിന്റെയും ദിശ നല്കുന്നതിന്റെയും ഉത്തരവാദിത്തം

**ഗർഭച്ഛിദ്രം, പ്രത്യുൽപാദന ആരോഗ്യം എന്നിവയെക്കുറിച്ചുള്ള നയങ്ങൾ രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും ഉത്തരവാദിത്തമുള്ള പ്രധാന തീരുമാനകർത്താക്കളെ (സ്ഥാപനങ്ങളെ) തിരിച്ചറിഞ്ഞുകഴിഞ്ഞാൽ, അടുത്ത ഘട്ടമായി ഇവിടെ നിങ്ങളുടെ അഭ്യർത്ഥനയിൽ നടപടിയെടുക്കാൻ അധികാരമുള്ള വ്യക്തികളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക. നിങ്ങളുടെ ആവശ്യങ്ങളിൽ (അഭ്യർത്ഥനയിൽ) സ്വാധീനം ചെലുത്തുന്നവരെ കണ്ടെത്താൻ വ്യത്യസ്ത മാർഗങ്ങളുണ്ട്. ഗർഭച്ഛിദ്രാവകാശങ്ങളുടെ പശ്ചാത്തലത്തിൽ സഖ്യകക്ഷികളെയും എതിർക്കുന്നവരെയും ഈ വിധം തരംതിരിച്ചു ചിത്രീകരിക്കുക:**

**സജീവ സഖ്യകക്ഷികൾ:** സുരക്ഷിതമായ ഗർഭഛിദ്രത്തിനും പ്രത്യുൽപാദന അവകാശങ്ങൾക്കും വേണ്ടി സജീവമായി വാദിക്കുന്ന വ്യക്തികൾ. ഒത്തുചേരലുകളിൽ പങ്കെടുക്കുക, അവകാശങ്ങളെ അടിസ്ഥാനമാക്കിയുള്ള വിവരണം കൂട്ടായി വളർത്തുക, കൂടുതൽ ആളുകളെ ഈ വിഷയത്തിലേക്ക് ഉൾപ്പെടുത്തുക, തുടങ്ങിയ പ്രവർത്തനങ്ങളിൽ ഇവർ സജീവമായി പിന്തുണയ്ക്കുകയും ഏർപ്പെടുകയും ചെയ്യും.

**നിഷ്ക്രിയ സഖ്യകക്ഷികൾ:** ലക്ഷ്യത്തെ പിന്തുണയ്ക്കുന്ന വ്യക്തികൾ, എന്നാൽ ഔട്ട്റീച്ച് പ്രവർത്തനങ്ങളിൽ (ഒത്തുചേരലുകളിൽ പങ്കെടുക്കുക, കൂടുതൽ ആളുകളെ ഈ വിഷയത്തിലേക്ക് ഉൾപ്പെടുത്തുക, തുടങ്ങിയ പ്രവർത്തനങ്ങൾ) സജീവമായി ഏർപ്പെടാനിടയില്ല. അവർക്ക് ഈ വിഷയത്തിൽ അനുകൂലമായ നിലപാട് ഉണ്ടായിരിക്കാം, എന്നാൽ നേരിട്ട് നടപടിയെടുക്കുന്നതിനുപകരം സമൂഹ മാധ്യമ പോസ്റ്റുകളിൽ ലൈക്ക് ചെയ്യുക, വിവരങ്ങൾ പങ്കിടുക, അല്ലെങ്കിൽ വാക്കാൽ അനുകൂലിക്കുക, തുടങ്ങിയ നിഷ്ക്രിയ മാർഗങ്ങളിലൂടെ ഈ കാരണത്തെ നിഷ്ക്രിയമായി പിന്തുണച്ചേക്കാം. നേരിട്ടുള്ള പ്രവർത്തനത്തിൽ പങ്കെടുക്കാൻ ഇവരെ പ്രേരിപ്പിക്കാൻ എളുപ്പമാവാം.

**നിഷ്പക്ഷമായവർ (ന്യൂട്രലുകൾ):** ഗർഭച്ഛിദ്രവുമായി ബന്ധപ്പെട്ട വിഷയങ്ങളെ സജീവമായി പിന്തുണയ്ക്കുകയോ എതിർക്കുകയോ ചെയ്യാത്ത വ്യക്തികളാണ് ഇവർ. അവർക്ക് ഈ വിഷയത്തിലെ അറിവോ താൽപര്യമോ പരിമിതമായിരിക്കാം, അല്ലെങ്കിൽ പ്രത്യേകിച്ചൊരു നിലപാട് എടുക്കാൻ താൽപര്യമില്ലായിരിക്കാം. ഈ കൂട്ടരേ അവഗണിക്കരുത്. കൂടുതൽ വിവരങ്ങളോ പ്രേരണയോ കിട്ടിയാൽ ഇവർ സഖ്യകക്ഷികൾ ആയേക്കാം, അല്ലെങ്കിൽ ചിലപ്പോൾ നിഷ്പക്ഷത പാലിക്കാൻ തന്നെ തീരുമാനിച്ചേക്കാം.

**സജീവ എതിരാളികൾ:** ഗർഭച്ഛിദ്രാവകാശങ്ങളെ സജീവമായി എതിർക്കുകയോ അതിനെതിരെ പ്രവർത്തിക്കുകയോ ചെയ്യുന്ന വ്യക്തികളാണ് സജീവ എതിരാളികൾ. അവരുടെ എതിർപ്പിന് പ്രത്യയശാസ്ത്രപരമോ, രാഷ്ട്രീയമോ, വ്യക്തിപരമോ, ആയ കാരണങ്ങളുണ്ടാകാം. ഗർഭച്ഛിദ്രം പോലെ അപമാനവും കളങ്കവുമായി കാണപ്പെടുന്ന പ്രശ്നങ്ങളെ ഫലപ്രദമായി നേരിടാൻ വാദിക്കുമ്പോൾ എതിർക്കുന്നവരെയും അവരുടെ വാദങ്ങളെയും തന്ത്രങ്ങളെയും അറിയുന്നത് പ്രധാനമാണ്. സജീവമായ എതിരാളികളുമായി ഇടപഴകുന്നത് വെല്ലുവിളി നിറഞ്ഞതായിരിക്കാം, എന്നാൽ മാന്യമായ സംഭാഷണത്തിൽ ഏർപ്പെടുന്നത് ചിലപ്പോൾ കാഴ്ചപ്പാടിൽ മാറ്റം വരുത്തുന്നതിനോ പൊതുവായ വീക്ഷണം കണ്ടെത്തുന്നതിലേക്കോ നയിച്ചേക്കാം.

**നിഷ്ക്രിയ എതിരാളികൾ:** നിഷ്ക്രിയ എതിരാളികളും ഗർഭച്ഛിദ്രത്തെയും പ്രത്യുൽപാദന അവകാശങ്ങളെയും എതിർക്കുന്നു, പക്ഷേ പ്രതിപക്ഷ പ്രവർത്തനങ്ങളിൽ സജീവമായി ഏർപ്പെട്ടേക്കില്ല. ഈ വിഷയത്തിൽ അവർ നിഷേധാത്മക വീക്ഷണങ്ങൾ പുലർത്തിയേക്കാം, എന്നാൽ തങ്ങളുടെ എതിർപ്പ് സജീവമായി പ്രകടിപ്പിക്കാറില്ല. അവർ നിശബ്ദമായി വിയോജിക്കുകയോ എതിർപ്പ് പ്രകടിപ്പിക്കുകയോ ചെയ്യാം, പിന്തുണ തരാതെയും, സ്വകാര്യമായി വിയോജിപ്പ് പ്രകടിപ്പിച്ചുമാവാം അവരുടെ വിയോജിപ്പ് അറിയിക്കുന്നത്.

# തല്പരകക്ഷികളെ എങ്ങനെ അറിയാം

മാറ്റം വരുത്താനുള്ള അധികാരം ആർക്കാണെന്നും അവരെ സ്വാധീനിക്കാൻ എന്ത് പ്രധാന ബന്ധങ്ങളും അധികാര ചലനങ്ങളും പരിഗണിക്കേണ്ടതുണ്ടെന്നും തിരിച്ചറിയാൻ വക്താക്കളെ സഹായിക്കുന്ന ഒരു ദൃശ്യോപകരണമാണ് പവർ മാപ്പിംഗ്. ഉയർന്ന തലത്തിലുള്ള പ്രാഥമിക തീരുമാനകർത്താവുമായി എളുപ്പം എത്തിച്ചേരാനുള്ള ബന്ധവും സമീപനവും എല്ലായ്പ്പോഴും ഉണ്ടായിരിക്കണമെന്നില്ല. അങ്ങനെയെങ്കിൽ, തീരുമാനകർത്താവിനെ സ്വാധീനിക്കാൻ സ്വാധീനിക്കാൻ കഴിയുന്ന ആളുകളും, ബന്ധങ്ങളും, ശൃംഖലകളും, ഏതാണ്? ഈ ശൃംഖലകളെയും ബന്ധങ്ങളെയും കുറിച്ചുള്ള ധാരണയുണ്ടെങ്കിൽ, 'ആരെ ലക്ഷ്യമിടണം', 'എന്തിനെ ലക്ഷ്യമിടണം' എന്നീ ചോദ്യങ്ങളുടെ ഉത്തരം കിട്ടും.


പവർ മാപ്പിംഗ് പ്രക്രിയ നടത്തുന്നതിനുള്ള ഘട്ടങ്ങൾ ഇപ്രകാരമാണ്:

1. ഗർഭച്ഛിദ്രാവകാശങ്ങളിൽ കൂട്ടായ പ്രവർത്തനത്തിനായി താൽക്കാലിക തീരുമാനമെടുക്കുന്നവരുടെയും പങ്കാളികളുടെയും ഒരു വിവരപ്പട്ടിക സൃഷ്ടിക്കുക:

| വ്യക്തിയുടെ/ സ്ഥാപനത്തിന്റെ പേര് | നിങ്ങളുടെ ലക്ഷ്യത്തി-ലേക്കുള്ള പിന്തുണ (സജീവ സഖ്യകക്ഷി / നിഷ്ക്രിയ സഖ്യകക്ഷി / നിഷ്പക്ഷർ / സജീവ എതിരാളി / നിഷ്ക്രിയ എതിരാളി) | മാറ്റത്തെ സ്വാധീനി-ക്കാനുള്ള അധികാരം (കൂടുതൽ, ഇടത്തരം, കുറവ്) | നമ്മുടെ കൂടെ ചേരാനുള്ള സാധ്യത (എളുപ്പം/ ബുദ്ധിമുട്ട്) | വ്യക്തിയുമായി ബന്ധപ്പെട്ടവർ/ അവരുമായി എങ്ങനെ ബന്ധപ്പെടാം |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |

2. അവരുടെ പിന്തുണയും (സജീവം/നിഷ്ക്രിയം) സ്വാധീനവും (കൂടുതൽ/കുറവ്) അടിസ്ഥാനമാക്കി, തല്പരകക്ഷികളെയും, പങ്കാളികളെയും, സ്വാധീനം ചെലുത്തുന്നവരെയും, നാലായി തരംതിരിച്ചു ചിത്രീകരിക്കുക.

## പവർ മാപ്പിംഗ്




# തല്പരകക്ഷികളുമായി നടത്തേണ്ട വിവിധതരം സംഭാഷണങ്ങൾ:

**തെളിവുകളെ അടിസ്ഥാനമാക്കിയുള്ള സംഭാഷണം:** ഈ സംഭാഷണങ്ങളിൽ ഗവേഷണങ്ങൾ, വസ്തുതകൾ, അക്കങ്ങൾ എന്നിവ പ്രയോജനപ്പെടുത്തുക. സുരക്ഷിതമല്ലാത്ത ഗർഭഛിദ്രങ്ങളുടെ ആഘാതം, സുരക്ഷിതമായ ഗർഭഛിദ്രത്തിന് പൊതുജനാരോഗ്യത്തിനുള്ള പ്രയോജനങ്ങൾ, മാതൃമരണ നിരക്കുകളുടെ സ്ഥിതിവിവരക്കണക്കുകൾ, പ്രത്യുൽപാദന ആരോഗ്യവും ക്ഷേമവും കൊണ്ടുള്ള നല്ല ഫലങ്ങൾ എന്നിവയുടെ രേഖാമൂലമുള്ള തെളിവുകൾ, ഇത്തരം വാദങ്ങളെ ശക്തിപ്പെടുത്തുന്നതിന് അവതരിപ്പിക്കാവുന്നതാണ്. ഇത്തരം വാദങ്ങൾ നമ്മൾ കൊണ്ടുവരുന്ന വിഷയത്തെ വിശ്വസനീയമാക്കുകയും, വിവാദങ്ങളെ ശക്തമായി നിർവീര്യമാക്കാനും സഹായിക്കും.

**വൈകാരിക സംഭാഷണം:** തല്പരകക്ഷികളുമായി ബന്ധമുണ്ടാക്കുന്നതിന് വ്യക്തിഗത കഥകൾ, സാക്ഷ്യപത്രങ്ങൾ, വിവരണങ്ങൾ എന്നിവ ഉൾപ്പെടുത്തുക. ചെറുപ്പക്കാർക്ക് അവരുടെ വിവരണങ്ങൾ നേരിട്ട് പങ്കുവെക്കാനും അവരുടെ ആവശ്യങ്ങൾ ഉന്നയിക്കാനും കഴിയുന്നുവെന്ന് ഉറപ്പാക്കുക.

**ധാർമ്മിക വാദങ്ങൾ:** ഈ വാദങ്ങൾ മനുഷ്യാവകാശങ്ങളെയും, സാമൂഹിക നീതി വീക്ഷണങ്ങളെയും കേന്ദ്രീകരിച്ചാണ് ഉന്നയിക്കപ്പെടുന്നത്. ശാരീരിക സ്വയംഭരണത്തിനുള്ള അവകാശത്തെ ഊന്നിപ്പറയുന്നതും, പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങൾ, താഴ്ന്ന വരുമാനക്കാരായ വ്യക്തികൾ, വിവേചന രൂപങ്ങൾ അഭിമുഖീകരിക്കുന്നവർ, എന്നിവരിൽ നിയന്ത്രിത ഗർഭച്ഛിദ്ര നിയമങ്ങളുടെ ആനുപാതികമല്ലാത്ത ആഘാതം ഉയർത്തിക്കാട്ടുന്നതും, തീരുമാനകർത്താക്കളുടെ ഉത്തരവാദിത്തബോധത്തെ ആകർഷിക്കും. ഈ വാദങ്ങൾ ഉപയോഗിച്ച് അധികാര സ്ഥാനത്തുള്ള വ്യക്തിയുടെ ഉത്തരവാദിത്തത്തെയും ചോദ്യം ചെയ്യാം.

ഉഭയകക്ഷി അജണ്ടയും തീരുമാനകർത്താവുമായി ഇടപഴകാനുള്ള തന്ത്രവും വികസിപ്പിക്കുന്നതിന് മുമ്പ് എല്ലാ വിവരങ്ങളും ഒരുമിച്ച് ചേർക്കുന്നതിനായി ചുവടെയുള്ള മാതൃക (ടെംപ്ലേറ്റ്) ഉപയോഗിക്കുക:

| തീരുമാനകർ-ത്താവിന്റെ പേരും സ്ഥാനവും | തീരുമാനകർ-ത്താവിന്റെ ആദർശങ്ങൾ/ മൂല്യങ്ങൾ എന്താണ്? | എന്താണ് നിങ്ങളുടെ സന്ദേശം? (തെളിവുകളുടെ അടിസ്ഥാനത്തിൽ, ധാർമ്മികവും, വൈകാരികവുമായ സംഭാഷണം ഉപയോഗിക്കുക) | എതിർപ്പുകൾ മുൻകൂട്ടി കണ്ട് അവയ്ക്കുള്ള പ്രതികരണങ്ങൾ തയ്യാറാക്കുക |
|---|---|---|---|
| **ഉദാഹരണം: എബിസി** | പൊതുജനാ-രോഗ്യവും യുവജന കാശങ്ങളും | ഗർഭച്ഛിദ്ര സേവനങ്ങൾ അപ്രാപ്യമാകുമ്പോൾ പൊതുജനാരോഗ്യത്തിൽ മുഖ്യമായുമുണ്ടാകുന്ന പ്രത്യാഘാതങ്ങൾ ചൂണ്ടിക്കാണിക്കുക. വസ്തുതാപരമായ തെളിവുകൾ ഉപയോഗിക്കുക. പ്രത്യുൽപാദന അവകാശങ്ങൾ, അധികാരം, സ്വയംഭരണം എന്നിവ യുവജനങ്ങളെ എങ്ങനെ ശാക്തീകരിക്കുന്നുവെന്ന് വിവരിക്കുക. | എതിർപ്പ്: യുവജനങ്ങൾക്ക് ഗർഭച്ഛിദ്ര സേവനങ്ങൾ നൽകുന്നത് സുരക്ഷിതമല്ലാത്തതും നിരുത്തരവാദപരവുമായ ലൈംഗിക ബന്ധത്തിൽ ഏർപ്പെടാൻ അവരെ പ്രോത്സാഹിപ്പിക്കും<br><br>പ്രതികരണം: SRHR-നെ കുറിച്ചുള്ള സമഗ്രമായ അറിവുള്ള യുവജനങ്ങൾ ആരോഗ്യകരമായ ലൈംഗിക പെരുമാറ്റത്തിൽ ഏർപ്പെടുന്നതിന്റെ ഗവേഷണ പഠനങ്ങളിൽ നിന്നുള്ള തെളിവുകൾ പ്രദർശിപ്പിക്കുക. |

| തീരുമാനകർ-ത്താവിന്റെ പേരും സ്ഥാനവും | തീരുമാനകർ-ത്താവിന്റെ ആദർശങ്ങൾ/ മൂല്യങ്ങൾ എന്താണ്? | എന്താണ് നിങ്ങളുടെ സന്ദേശം? (തെളിവുകളുടെ അടിസ്ഥാനത്തിൽ, ധാർമ്മികവും, വൈകാരികവുമായ സംഭാഷണം ഉപയോഗിക്കുക) | എതിർപ്പുകൾ മുൻകൂട്ടി കണ്ട് അവയ്ക്കുള്ള പ്രതികരണങ്ങൾ തയ്യാറാക്കുക |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |
| | | | |

## വിശേഷാലുള്ള ഉപകരണങ്ങൾ/അറിവുകൾ:

- പ്രധാന സന്ദേശങ്ങൾ ചൂണ്ടി കാണിക്കുന്നതിനും, പ്രസക്തമായ വാദങ്ങൾ അവതരിപ്പിക്കുന്നതിനും, വെല്ലുവിളികളുടെ രൂപരേഖ തയ്യാറാക്കുന്നതിനും, സഹകരണത്തിനുള്ള കൃത്യമായ അടുത്ത പടികൾ നൽകുന്നതിനും, അവതരണ പത്രിക (PPT), ഹ്രസ്വ വീഡിയോകൾ മുതലായ ആശയവിനിമയ സാമഗ്രികൾ തയ്യാറാക്കുക.
- നിങ്ങളുടെ പ്രശ്നത്തിന് ഒരു ചെറിയ ആമുഖം, കൃത്യമായി നടപ്പിലാക്കാൻ കഴിയുന്ന ഒരു നിവേദനം, അതിനായി നടപടിയെടുക്കുമ്പോൾ പ്രതീക്ഷിക്കുന്ന അനന്തരഫലം, എന്നിവ തയ്യാറാക്കി നിങ്ങളുടെ സംഭാഷണം രചിക്കുക.
- നിങ്ങൾ ലക്ഷ്യമിടുന്ന സദസ്സിന്റെ മുന്നിൽ ഈ തയ്യാറാക്കിയ സംഭാഷണം അവതരിപ്പിച്ചതിന് മുമ്പേ, കുറച്ച് തവണ ഇത് പറഞ്ഞു പരിശീലിക്കുക; അതുവഴി ഇത് അവതരിപ്പിക്കുമ്പോൾ എന്തെല്ലാം മാറ്റങ്ങളും വെല്ലുവിളികളും നേരിടുമെന്ന് പ്രവചിക്കാം.

## നമുക്ക് ഈ സംസാരം തുടരാം: തല്പരകക്ഷികളുമായുള്ള ആശയവിനിമയ മാർഗ്ഗങ്ങൾ എങ്ങനെ വളർത്താം

തല്പരകക്ഷികളെ തിരിച്ചറിഞ്ഞ്, അവർക്കുള്ള സന്ദേശങ്ങൾ തയ്യാറാക്കിയ ശേഷം, ഇത് അവരിലേക്ക് കൃത്യമായി എത്താനും ഇടപഴകാനുമായി ഫലപ്രദമായ ആശയവിനിമയ മാധ്യമങ്ങളെ തിരിച്ചറിയുന്നത് നിർണായകമാണ്. ഏതു മാധ്യമമാണ് സ്വീകരിക്കുക എന്നത് സന്ദേശത്തിന്റെ സ്വഭാവത്തെയും ലഭ്യമായ മാർഗ്ഗങ്ങളെയും ആശ്രയിച്ചിരിക്കും. തല്പരകക്ഷികൾക്ക് സന്ദേശങ്ങൾ കൈമാറുന്നതിനുള്ള ചില വഴികൾ ഇതാ:

**ഉചിതമായ ഒരു സന്ദേശവാഹകം എങ്ങനെ തിരഞ്ഞെടുക്കാം:** നമ്മൾ ലക്ഷ്യമിടുന്ന സദസ്സിലേക്ക് നയ സന്ദേശം എത്തിക്കുന്ന വ്യക്തികളോ സംഘങ്ങളോ ആണ് സന്ദേശവാഹകർ (മെസഞ്ചർമാർ). ഈ സന്ദേശവാഹകർക്ക്, നമ്മൾ ലക്ഷ്യമിടുന്ന തീരുമാനകർത്താക്കളെ തീരുമാനങ്ങൾ എടുക്കാൻ പ്രേരിപ്പിക്കുന്നതിനായി, ഏതെങ്കിലും തരത്തിലുള്ള അധികാരമോ സ്വാധീനമോ ഉണ്ടായിരിക്കണം. തീരുമാനകർത്താക്കളെ സമീപിക്കാൻ കഴിയുന്ന ഏതെങ്കിലും വ്യക്തി/സഖ്യം/സ്ഥാപനമായിരിക്കാം ഈ സന്ദേശവാഹകർ. ഉദാഹരണത്തിന്: ജില്ലാ ചീഫ് മെഡിക്കൽ ഓഫീസറെയാണ് തീരുമാനകർത്താവായി തിരഞ്ഞെടുത്തിട്ടുള്ളതെങ്കിൽ, അതേ സ്ഥാനത്തിലുള്ള മറ്റു ഉദ്യോഗസ്ഥരെയോ, അല്ലെങ്കിൽ അതേ വകുപ്പിൽ പ്രവർത്തിക്കുന്ന കീഴ് ഉദ്യോഗസ്ഥരെയോ ഇവിടെ സന്ദേശവാഹകരാക്കാം. തീരുമാനകർത്താവിനെ ബോധ്യപ്പെടുത്താൻ ഏറ്റവും സാധ്യതയുള്ള എല്ലാ സ്ഥാപനങ്ങളുടെയും പട്ടിക തയ്യാറാക്കുക, ഒപ്പം നിങ്ങൾ വാദിക്കുന്ന സന്ദേശം നൽകാനുള്ള അവരുടെ സന്നദ്ധത വിലയിരുത്താൻ അവരെ സമീപിക്കുക.

**ലക്ഷ്യമിടുന്ന തീരുമാനകർത്താക്കളുമായി രേഖാമൂലമുള്ള ആശയവിനിമയം:** സ്വാധീനമുള്ള സന്ദേശവാഹകരിലേക്കും ശൃംഖലകളിലേക്കും പ്രവേശനം സാധിക്കില്ലെങ്കിൽ, തീരുമാനകർത്താക്കളുമായി വ്യക്തിപരമായ മീറ്റിംഗുകൾ, ടെലിഫോണിക് സംഭാഷണങ്ങൾ അല്ലെങ്കിൽ വീഡിയോ കോൺഫറൻസിങ് എന്നിവ ക്രമീകരിച്ച് നേരിട്ട് ആശയവിനിമയം നടത്താനായി, ഔപചാരികമായ കത്തുകൾ, ഇമെയിലുകൾ, ട്വീറ്റുകൾ എന്നിവ ഉപയോഗിച്ച് അവരുമായി ബന്ധപ്പെടാൻ ശ്രമിക്കാം.

**പിന്തുണ കെട്ടിപ്പടുക്കുന്നതിനായി സമൂഹ സംരംഭങ്ങൾ (കമ്മ്യൂണിറ്റി മൊബിലൈസേഷൻ):** നിങ്ങൾ അറിയിക്കുന്ന ആവശ്യങ്ങൾ/അഭ്യർത്ഥനകൾ എല്ലാരുടെയും ആവശ്യമാണെന്ന് അറിയിക്കാനും, അതിലേക്കുള്ള വ്യാപകമായ പിന്തുണ ലഭിക്കാനും, ശക്തമായ കൂട്ടായ്മ സൃഷ്ടിക്കാനും, സമൂഹത്തിലെ വ്യക്തികൾ, അസോസിയേഷനുകൾ, യൂത്ത് നെറ്റ്‌വർക്കുകൾ മുതലായവരുമായി ഇടപഴകുന്നതും ചേർന്ന് പ്രവർത്തിക്കുന്നതും എല്ലായ്പ്പോഴും സഹായകരമാണ്. സമൂഹ പ്രവർത്തനവും, സഹകരണവും, ഇടപെടലും കെട്ടിപ്പടുക്കുന്നതിൽ ഫലപ്രദമായ തന്ത്രങ്ങളെക്കുറിച്ച് കൂടുതൽ അറിയാനായി അധ്യായം 5 വായിക്കുക.



# അധ്യായം 5:
# പൊതുജന പങ്കാളിത്തം എങ്ങനെ വർദ്ധിപ്പിക്കാം

നമുക്ക് കണ്ണികൾ കൂട്ടിച്ചേർക്കാം (ലെറ്റ്സ് കണക്ട് ദി ഡോട്സ്). നമുക്ക് വ്യക്തികളെ ഒരുമിപ്പിക്കാം. കളങ്കത്തിൽ/അപമാനത്തിൽ കേന്ദ്രീകൃതമായ ആശയങ്ങളെ നമുക്ക് തകർക്കാം. പ്രത്യുൽപാദന അവകാശങ്ങൾക്കായി വാദിക്കുന്നതിനുള്ള പ്രധാനമായ / മാനദണ്ഡമായ മറു-വിദ്യകൾ തിരിച്ചറിയാൻ ഇനിപ്പറയുന്ന ഉദാഹരണങ്ങൾ നിങ്ങളെ സഹായിക്കും. ഓരോ പശ്ചാത്തലത്തിനും പ്രസക്തിയുള്ള സാന്ദർഭിക-സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നത് എല്ലായ്പ്പോഴും സഹായകരമാണ്; കാരണം, ഇത് ഒരു വലിയ സാമൂഹിക അടിത്തറ ഉറപ്പാക്കാനും, കൗമാരക്കാർക്കും യുവജനങ്ങൾക്കും അവരുടെ ശാരീരിക സ്വയംഭരണത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള അവകാശങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനായി പിന്തുണാ-സംവിധാനം സൃഷ്ടിക്കാനും സഹായിക്കുന്നു.

# പൊതുഇട പ്രവർത്തനങ്ങളിൽ പങ്കാളിത്തം വളർത്തുന്നതെങ്ങനെ

- **യുവജനങ്ങൾക്കായുള്ള സമൂഹ വേദി (യൂത്ത് കമ്മ്യൂണിറ്റി ഫോറങ്ങൾ):** യുവജനങ്ങൾക്ക് ഒത്തുചേരാനും സംവാദം സുഗമമാക്കാനും കഴിയുന്ന പൊതുയോഗങ്ങൾ സംഘടിപ്പിക്കാനായി കമ്മ്യൂണിറ്റി സെന്ററുകളുമായോ, നെഹ്റു യുവകേന്ദ്രകളുമായോ ബന്ധപ്പെടാൻ കഴിയുമോ എന്ന് കണ്ടെത്തുക. കൃത്യമായ അനുമതിയോടെ ഇത് കോളേജ് കാന്റീനിലും നടത്താൻ സാധിക്കും. വ്യത്യസ്ത സ്വത്വങ്ങളും, സാമൂഹിക തലങ്ങളിലും ഉള്ള യുവജനങ്ങൾക്ക് ഇത് വിവേചനരഹിതവും, എത്തിപ്പെടാനാവുന്നതും സുരക്ഷിതവുമായ സ്ഥലമാണെന്ന് എല്ലായ്പ്പോഴും ഉറപ്പാക്കുക.

- **തെരുവ് നാടകങ്ങൾ:** സമൂഹത്തിൽ സംവാദങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ തെരുവ് നാടകങ്ങൾ ഫലപ്രദമായി ഉപയോഗിക്കാവുന്നതാണ്. കോളേജ് വിദ്യാർത്ഥികളും സംഘടനകളും എപ്പോഴും തെരുവ് നാടകങ്ങൾ അവതരിപ്പിക്കാറുണ്ട്. ഏതെങ്കിലുമൊരു നാടക കമ്മിറ്റിയെ സമീപിച്ച്, ഗർഭച്ഛിദ്രത്തെ ചുറ്റിപ്പറ്റിയുള്ള അപമാനത്തെ ഭേദിക്കുന്നതിനുള്ള ഒരു നാടകത്തിന്റെ തിരക്കഥ തയ്യാറാക്കാനായി നിങ്ങളുടെ ഭാഷാ നിർദ്ദേശങ്ങൾകൊണ്ട് സഹായിക്കുക.

- **പോസ്റ്ററുകളും ലഘുലേഖകളും:** പോസ്റ്ററുകളും ലഘുലേഖകളും ലളിതവും, വ്യക്തമായും, ആകർഷകമായ ദൃശ്യങ്ങളും ഉപയോഗിച്ച് രൂപകൽപ്പന ചെയ്ത്, ഉയർന്ന ജനസാന്ദ്രതയുള്ള പ്രദേശങ്ങളായ സ്കൂളുകൾ, കമ്മ്യൂണിറ്റി സെന്ററുകൾ, മറ്റ് പൊതു ഇടങ്ങളിലൊക്കെ സ്ഥാപിക്കാം/വിതരണം ചെയ്യാം. വിവരങ്ങൾ പ്രചരിപ്പിക്കുന്നതിനോ, ശ്രദ്ധ ആകർഷിക്കുന്നതിനോ, അടുത്ത പടിയായി നിർദ്ദിഷ്ട വെബ്സൈറ്റ് സന്ദർശിക്കുക, അല്ലെങ്കിൽ നിർദ്ദിഷ്ട ഇവന്റിൽ പങ്കെടുക്കുക, എന്നൊക്കെ നയിക്കുന്നതിനായി, ഇവ ഉപയോഗിക്കാനാകും. ഇതുവരെയുള്ള അധ്യായങ്ങളിൽ ഹൈലൈറ്റ് ചെയ്തിരിക്കുന്ന ഏത് വിവരവും പോസ്റ്ററുകളിലെ വിഷയമായി ഉപയോഗിക്കാം.

# സഖ്യങ്ങളിൽ പങ്കെടുക്കുന്ന വിധം

സഖ്യങ്ങളിൽ പങ്കെടുത്താൽ ഏകോപിത പ്രവർത്തനങ്ങൾ നടത്താനും, സഖ്യകക്ഷികളെ തേടാനും, അധികാരം, സ്വാധീനം, വിഭവങ്ങൾ എന്നിവയുടെ സമാഹരണത്തിനും, ഒക്കെ സാധ്യമാകും. ഇനിപ്പറയുന്ന ഘട്ടങ്ങൾ ഉപയോഗിച്ച് നിങ്ങൾക്ക് സഖ്യങ്ങളിൽ പങ്കെടുക്കാം അല്ലെങ്കിൽ സഖ്യങ്ങൾ കെട്ടിപ്പടുക്കാം:

**ഘട്ടം 1:** സമാന ചിന്താഗതിക്കാരായ പ്രവർത്തകരെ കണ്ടെത്തുക: നിലവിലുള്ള എൻ ജി ഒകൾ, സി എസ്ഒകൾ, യൂത്ത് നെറ്റ്‌വർക്കുകൾ, ഗർഭച്ഛിദ്ര അവകാശങ്ങളിലും പ്രത്യുൽപാദന അവകാശങ്ങളിലും അല്ലെങ്കിൽ യുവജനങ്ങളുടെ SRHR പ്രശ്നങ്ങളിൽ പ്രവർത്തിക്കുന്ന ആക്ടിവിസ്റ്റുകൾ, ഗ്രൂപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കുക.

**ഘട്ടം 2:** ഒരേമൂല്യങ്ങൾ ഉണ്ടാവുക: പൊതുവായി അവകാശങ്ങൾ ചോദിക്കാനും, അവയ്ക്കുള്ള പശ്ചാത്തലം/ആഖ്യാനം സൃഷ്ടിക്കാനും, ഒത്തു ചേരുന്ന സംഘടകൾക്കും വ്യക്തികൾക്കും ഒരേ മൂല്യങ്ങൾ ഉണ്ടായിരിക്കേണ്ടത് പ്രധാനമാണ്.

**ഘട്ടം 3:** നേതൃത്വവും അനുഭവങ്ങളും വൈവിധ്യവൽക്കരിക്കുക: ആരുടെ അനുഭവങ്ങളാണ് വ്യത്യസ്ത തല്പരകക്ഷികളെ സ്വാധീനിക്കുന്നതിനായി പ്രയോജനപ്പെടുത്തുന്നത്, അതേ സാഹചര്യത്തിൽ നിന്നുള്ളവരാണ് സഖ്യത്തിലെ അംഗങ്ങൾ എന്നും, അവരുടെ വ്യക്തിപരമായ അനുഭവങ്ങളാണ് സഖ്യത്തിലെ നേതൃത്വത്തിന്റെ കാതൽ ആകേണ്ടത് എന്നും, ഉറപ്പാക്കുക.

# ഡിജിറ്റൽ മാർഗ്ഗങ്ങളിലൂടെ പങ്കാളിത്തം വളർത്താം

**ഗര്ഭച്ഛിദ്രവുമായി ബന്ധപ്പെട്ട അപമാനം കുറയ്ക്കാൻ ലക്ഷ്യമിട്ടുള്ള ഒരു സോഷ്യൽമീഡിയ കാമ്പെയ്ൻ - അവബോധം വളർത്തുന്നതിനും, കൃത്യമായ വിവരങ്ങൾ നൽകുന്നതിനും, സഹാനുഭൂതി വളർത്തുന്നതിനും, ഗർഭച്ഛിദ്രവുമായി ബന്ധപ്പെട്ട നിഷേധാത്മകമായ (നെഗറ്റീവ്) വാര്പ്പച്ചടികളെയും (സ്റ്റീരിയോടൈപ്പുകളെയും), വിധിന്യായങ്ങളും വെല്ലുവിളിക്കുന്നതിനും - നന്നായി ആസൂത്രണം ചെയ്യുകയും വിവേകത്തോടെ നടപ്പിലാക്കുകയും വേണം. അത്തരമൊരു കാമ്പെയ്ൻ സൃഷ്ടിക്കുന്നതിനായി ഘട്ടം-ഘട്ടമായുള്ള ഗൈഡ് ഇതാ:**

1. **നിങ്ങളുടെ കാമ്പെയ്ൻറെ ലക്ഷ്യങ്ങൾ നിർവ്വചിക്കുക:** നിങ്ങളുടെ കാമ്പെയ്നിന്റെ ലക്ഷ്യങ്ങൾ വ്യക്തമായി രൂപപ്പെടുത്തുക. ഈ കാമ്പെയ്നിലൂടെ നിങ്ങൾ എന്ത് നേടാമെന്നാണ് പ്രതീക്ഷിക്കുന്നത്? പ്രത്യുൽപാദന അവകാശങ്ങളെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുക, സഹാനുഭൂതിയും ഐക്യദാർഢ്യവും പ്രോത്സാഹിപ്പിക്കുക, അപമാനം ദൂരീകരിക്കുക, എന്നിവ പോലുള്ള ലക്ഷ്യങ്ങൾ നിർവചിക്കാം.

2. **നിങ്ങൾ ലക്ഷ്യമിടുന്ന സദസ്സിനെ തിരിച്ചറിയുക:** നിങ്ങൾ എത്തിച്ചേരാൻ ആഗ്രഹിക്കുന്ന ആളുകളുടെ ജനസംഖ്യാശാസ്ത്രപരവും മനഃശാസ്ത്രപരവുമായ സവിശേഷതകൾ അറിയുക. പ്രായം, ലിംഗം, സ്ഥലം, ഗർഭച്ഛിദ്രത്തോടുള്ള മനോഭാവം, എന്നിവ പരിഗണിക്കുക. നിങ്ങളുടെ പ്രേക്ഷകരെ അറിയാനായി നിങ്ങളുടെ സോഷ്യൽ മീഡിയ പേജുകളിളെ പോസ്റ്റുകളിലെ ഇടപഴകലിന്റെ സ്ഥിതിവിവരക്കണക്കുകൾ (ഇൻസൈറ്റ്സ്) ഉപയോഗിക്കാം.

3. **കാമ്പെയ്ന് ആകർഷകമായ ഒരു പ്രമേയം (തീം) വികസിപ്പിക്കുക:** നിങ്ങളുടെ സന്ദേശം ഉൾക്കൊള്ളുന്നതും, നിങ്ങൾ ആകർഷിക്കാൻ ലക്ഷ്യമിടുന്ന സദസ്സുമായി പ്രതിധ്വനിക്കുന്നതുമായ കാമ്പെയ്ൻ മുദ്രാവാക്യം, ഹാഷ്ടാഗ് അല്ലെങ്കിൽ ആകര്ഷകവാക്യം (ക്യാച്ച്ഫ്രെയ്സ്) സൃഷ്ടിക്കുക. ഉദാഹരണത്തിന്, #BreakTheStigma (ബ്രേക്ക്-ദി-സ്റ്റിഗ്മ), #AbortionIsHealthcare (അബോർഷൻ-ഈസ്-ഹെൽത്ത്- കേറ്), #UnstoppableMovements (അൺസ്റ്റോപ്പബിൾ-മൂവ്മെന്റ്സ്).

4. **ആകർഷകമായ വസ്തുക്കൾ സൃഷ്ടിക്കുക:** ഗ്രാഫിക്സ്, വീഡിയോകൾ, വചനങ്ങൾ, എന്നിവയുൾപ്പെടെ വിവിധ പോസ്റ്റുകളുടെ ഉള്ളടക്ക കലണ്ടർ വികസിപ്പിക്കുക. വിവരദായകവും വിധിന്യായമില്ലാത്തതുമായ വസ്തുക്കളായിരിക്കണം സൃഷ്ടിക്കുന്നത്. അസ്വസ്ഥമാക്കുന്നതോ (സെൻസിറ്റീവായതോ) വ്യക്തിപരമായി ട്രിഗർ ചെയ്യുന്നതോ ആയ വസ്തുക്കൾ പങ്കിടുന്ന സാഹചര്യത്തിൽ, അതിൽ 'ട്രിഗർ മുന്നറിയിപ്പുകൾ' ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക.

5. **പങ്കാളികളുമായി സഹകരിക്കുക:** ഗർഭച്ഛിദ്രാവകാശ മേഖലയിൽ സഖ്യകക്ഷികളായ സംഘടനകൾ, കൂട്ടായ്മകൾ, സ്വാധീനം ചെലുത്തുന്നവർ എന്നിവരുമായി സഹകരിക്കുക. സന്ദേശങ്ങൾ കൂടുതൽ പ്രേക്ഷകരിലേക്ക് എത്തിച്ചേരാനും ഈ സഹകരണവും പങ്കാളിത്തവും സഹായിക്കുന്നു.

6. **നിങ്ങളുടെ സദസ്സുമായി ഇടപഴകുക:** ലൈക്കുകൾ, ഷേയ്റുകൾ, കമന്റുകൾ, യൂസർ-ജനറേറ്റഡ് കോൺടെന്റ് എന്നിവയിലൂടെ ഇടപഴകൽ പ്രോത്സാഹിപ്പിക്കുക. കൂടുതൽ പേർക്കിടയിൽ തിരഞ്ഞെടുപ്പിനെ പിന്തുണക്കുന്ന (പ്രോ-ചോയ്സ്) നിലപാട് സൃഷ്ടിക്കാൻ ഫലപ്രദമായ തന്ത്രങ്ങളിൽ ഉൾപ്പെടുന്നു - പോളുകൾ, സർവേകൾ, ഇടപഴകൽ പ്രോത്സാഹിപ്പിക്കുന്നതിനും ഫീഡ്ബാക്ക് ശേഖരിക്കുന്നതിനുമുള്ള സ്റ്റോറികൾ, - എന്നിവയുടെ ഉപയോഗം.

7. **ഒന്നിലധികം സമൂഹ മാധ്യമങ്ങൾ (സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കുക):** ഉദാഹരണത്തിന് ഫേസ്ബുക്, ട്വിറ്റർ, ഇൻസ്റ്റാഗ്രാം, ജോഷ് എന്നിവ ഉപയോഗിക്കാം. ഓരോ സമൂഹമാധ്യമത്തിന്റെ ശൈലിക്കും, പ്രേക്ഷകർക്കും, അനുയോജ്യമായ രീതിയിൽ അതിൽ പോസ്റ്റ് ചെയ്യുന്ന കണ്ടെന്റിൽ (ഘടകത്തിൽ) വ്യത്യസ്തതകൾ വരുത്തുക.


8. **വിഷ്വൽ സ്റ്റോറിടെല്ലിംഗ് ഉപയോഗിക്കുക:** ഇൻഫോഗ്രാഫിക്സ്, ചിത്രങ്ങൾ, രൂപരേഖകൾ, ഹ്രസ്വ വീഡിയോകൾ എന്നിവ പോലുള്ള ദൃശ്യ വസ്തുക്കൾ സന്ദേശം അറിയിക്കുന്നതിലും, വികാരങ്ങൾ ഉണർത്തുന്നതിലും, വളരെ ഫലപ്രദമാണ്. ഇതിന് ഉദാഹരണമായി, സേഫ് റിസോഴ്സ് ഹബ്ബിലെ പോസ്റ്ററുകൾ പരിശോധിക്കാം.

9. **നിരീക്ഷിക്കുകയും പ്രതികരിക്കുകയും ചെയ്യുക:** അഭിപ്രായങ്ങളും സന്ദേശങ്ങളും സമയനുസൃതമായി നിരീക്ഷിക്കുക, കൃത്യമായ വിവരങ്ങളോടുകൂടി ചോദ്യങ്ങൾക്കും ആശങ്കകൾക്കും മറുപടി നൽകുക.

ഗര്ഭച്ഛിദ്രത്തോട് അനുബന്ധിച്ച അപമാനത്തെ/കളങ്കത്തെ അഭിസംബോധന ചെയ്യുന്നത് തുടർന്നുകൊണ്ടിരിക്കുന്ന ഒരു പ്രക്രിയയാണെന്ന് ഓർക്കുക. സഹാനുഭൂതിയും, ശാരീരിക സ്വയംഭരണത്തെ പ്രോത്സാഹിപ്പിക്കുകയും കേന്ദ്രീകരിക്കുകയും, ചെയ്യുന്ന ഒരു സംവിധാനം വളർത്തിയെടുത്തുകൊണ്ട് ഗർഭച്ഛിദ്രം അനുഭവിച്ച വ്യക്തികളെ പിന്തുണയ്ക്കുന്നത് തുടരുക, ഒപ്പം നിങ്ങളുടെ സദസ്സുമായി ഇടപഴകുന്നതും തുടരുക,

- ഗർഭഛിദ്രത്തെക്കുറിച്ചുള്ള തെളിവുകളും അവകാശങ്ങൾ അടിസ്ഥാനമാക്കിയുള്ള വിവരങ്ങളും ഉറവിടങ്ങളും വെബ്സൈറ്റുകളുടെയും ബ്ലോഗുകളുടെയും രൂപത്തിൽ ലഭ്യമാക്കാം. ഉദാഹരണത്തിന്, ഗർഭച്ഛിദ്രത്തെക്കുറിച്ചുള്ള സന്ദർഭോചിതവും സമഗ്രവുമായ വിവരങ്ങൾ നൽകാൻ സേഫ് റിസോഴ്സ് ഹബ് (https://safe.theypfoundation.org/) ലക്ഷ്യമിടുന്നു. വേർഡ്പ്രസ് (https://wordpress.com), വിക്സ് (https://www.wix.com), ബ്ലോഗർ (https://www.blogger.com) എന്നിവയാണ് ചില ജനപ്രിയ സൗജന്യ വെബ്സൈറ്റ് നിർമ്മാതാക്കൾ.

- ബോളിവുഡ് സിനിമകളിലെ ഗർഭച്ഛിദ്രത്തിന്റെ ചിത്രീകരണം ചർച്ച ചെയ്യുന്ന YP ഫൗണ്ടേഷന്റെ സോഷ്യൽ മീഡിയ പോസ്റ്റിന്റെ ഒരു ഉദാഹരണം: ഇവിടെ ലഭിക്കും.




- ട്വിറ്റർ പോലുള്ള മൈക്രോബ്ലോഗിംഗ് സൈറ്റുകൾ ഹ്രസ്വ സന്ദേശങ്ങൾ പങ്കിടുന്നതിനും, തല്പരകക്ഷികളായും സഖ്യകക്ഷികളായും ദ്രുത ഗതിയിൽ(പെട്ടന്ന്) ആശയവിനിമയം പ്രോത്സാഹിപ്പിക്കുന്നു. തല്പരകക്ഷികളെ അഭിസംബോധന ചെയ്ത് അവരുടെ ഔദ്യോഗിക ഹാൻഡിലുകൾ ടാഗ് ചെയ്യാനും, ട്വീറ്റുകളെ ബന്ധിപ്പിച്ചു അവരുടെ ദൃശ്യത വർദ്ധിപ്പിക്കാനും കൂടുതൽ ആൾക്കാരിലേക്ക് എത്തിക്കാനും പ്രസക്തമായ ഹാഷ്ടാഗുകളെ ഉപയോഗിക്കാം. പ്രസക്തമായ ഹാഷ്ടാഗുകളുടെ ഉദാഹരണങ്ങളിൽ #SafeAbortion (#സേഫ്-അബോർഷൻ), #ReproductiveRights (#റീപ്രൊഡക്റ്റിവ്-റൈറ്റ്സ്), #AbortionIsHealthcare (#അബോർഷൻ-ഈസ്-ഹെൽത്ത്കേയർ), #MyBodyMyChoice (#മൈ-ബോഡി-മൈ-ചോയ്സ്) എന്നിവ ഉൾപ്പെടുന്നു. സുരക്ഷിതമായ ഗർഭച്ഛിദ്ര സേവനങ്ങളുടെ സമീപനത്തിൽ വൈദഗ്ധ്യം ഉള്ള വിദഗ്ധരുമായും വക്താക്കളുമായും ട്വിറ്റർ ചാറ്റുകളും, ചോദ്യോത്തര യോഗങ്ങളും സംഘടിപ്പിക്കാം.


അധ്യായം 6:
വിഭവങ്ങൾ

# ഗര്ഭച്ഛിദ്രാവകാശ വക്താക്കൾക്കുള്ള സ്വയം-പരിചരണ നുറുങ്ങുകൾ

- നിങ്ങളുടെ ആരോഗ്യം ശ്രദ്ധിക്കുക. നയങ്ങളിൽ മാറ്റം വരാനായി പലപ്പോഴും കാലതാമസവും തടസ്സങ്ങളും വന്നേക്കാം; നീണ്ട കാലതാമസം വരുമ്പോൾ ഇത് താങ്ങാനാവാത്ത നിരാശക്ക് കാരണമാകാം. ശാരീരിക വ്യായാമങ്ങളിൽ ഏർപ്പെടുകയും, പോഷകസമൃദ്ധമായ ഭക്ഷണം കഴിക്കുകയും, മതിയായ ഉറക്കം നേടുകയും, ചെയ്യുകൊണ്ട് നിങ്ങളുടെ ശാരീരികവും മാനസികവുമായ ക്ഷേമത്തിന് മുൻഗണന നൽകേണ്ടത് പ്രധാനമാണ്.

- നിങ്ങളുടെ സ്വകാര്യ സുരക്ഷ അപകടത്തിലാക്കരുത്. നിങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് മുൻകരുതലുകൾ എടുക്കേണ്ടത് പ്രധാനമാണ്. ഗർഭച്ഛിദ്രം പോലെ അസ്വസ്ഥമാക്കുന്നതും (സെൻസിറ്റീവ്), സാമൂഹിക അപമാനത്തോട് ബന്ധപ്പെട്ടതുമായ പ്രശ്നത്തിന് ഉത്തരവാദിത്തം തേടുമ്പോൾ, വിമർശനങ്ങളും തിരിച്ചടികളും നേരിടേണ്ടി വന്നേക്കാം. ഭീഷണി, വേട്ടയാടൽ, അക്രമം എന്നിവ നേരിടുന്നുണ്ടെങ്കിൽ, നിങ്ങളുടെ കൂട്ടായ്മയിൽ നിന്നോ പോലീസ് അധികാരികളിൽ നിന്നോ ഉടനടി സഹായം തേടുക.

- ഈ വിഷയത്തിൽ പ്രവർത്തിക്കുന്നത് നിങ്ങൾ മാത്രമല്ല എന്ന് തിരിച്ചറിയേണ്ടത് പ്രധാനമാണ്. നിങ്ങളുടെ ജോലിയിലും ഇടപഴകലിലും നിങ്ങളെ പിന്തുണയ്ക്കാൻ സമാന ചിന്താഗതിക്കാരായ മറ്റ് സ്ഥാപനങ്ങളെയോ ആളുകളെയോ അന്വേഷിക്കുക. സഹപ്രവർത്തകരുടെ പിന്തുണ പ്രധാനമാണ്.

- നിങ്ങളുടെ സുരക്ഷയ്ക്കും ക്ഷേമത്തിനും പ്രഥമസ്ഥാനം നൽകുന്നതിൽ കുറ്റബോധം തോന്നരുത്. നിങ്ങളുടെ വ്യക്തിപരമായ ക്ഷേമവും മാനസികാരോഗ്യവും എപ്പോഴും ഒന്നാമതാണ്, ഉത്തരവാദിത്തങ്ങൾ തേടുന്ന ഈ യാത്രയുടെ വളരെ പ്രധാനപ്പെട്ട ഒരു വശമാണ് സ്വയം-പരിചരണം.

- സ്വകാര്യ സോഷ്യൽ മീഡിയ പ്രൊഫൈലുകൾ പൊതുഇടപഴകലിന് ഉപയോഗിക്കുന്നതിൽ നിന്ന് വേറിട്ട് സൂക്ഷിക്കുക.

- എൻഡ്-ടു-എൻഡ് എൻക്രിപ്ഷനോടു കൂടിയ സുരക്ഷാ നിങ്ങളുടെ സോഷ്യൽ മീഡിയ അക്കൗണ്ടുകൾക്ക് ഉറപ്പുവരുത്തുക; എല്ലാ അഭിപ്രായങ്ങളോടും ഇടപഴകാൻ താൽപര്യമില്ലെങ്കിൽ കമന്റുകൾ ഡിസേബിൾ ചെയ്യാം (പ്രവർത്തനരഹിതമാക്കാം).

- ചില അക്കൗണ്ടുകളിൽ നിങ്ങളുടെ സ്വന്തം മുഖമോ/ശരീരമോ ഉള്ള ഫോട്ടോകൾക്ക് പകരം ചിത്രങ്ങളോ പൊതുവായ സ്റ്റോക്ക് ഫോട്ടോകളോ ഉപയോഗിക്കുന്നത് നിങ്ങൾക്ക് സുരക്ഷിതമാകുമെങ്കിൽ, അത് തികച്ചും ശരിയാണ്!


# സുരക്ഷിതമായ ഗർഭച്ഛിദ്ര സേവനങ്ങളുടെ സമീപനം നടപ്പിലാക്കാൻ പ്രവർത്തിക്കുന്ന ശൃംഘലകളും സംഘടനകളും

- കോമൺ ഹെൽത്ത് കൊഅലീഷൻ CommonHealth Coalition (commonhealth.in)
- ഏഷ്യ സേഫ് അബോർഷൻ പാർട്ണർഷിപ് Asia Safe Abortion Partnership-ASAP (asap-asia.org)
- ഐപാസ് ഡെവേലപ്മെന്റ് ഫൌണ്ടേഷൻ Ipas Development Foundation (ipasdevelopmentfoundation.org)
- യങ് ആക്ടിവിസ്റ് നെറ്റ്‌വർക്ക് ഫോർ അബോർഷൻ അഡ്വക്കസി Young Activist Network For Abortion Advocacy-YANAA (safeabortionwomensright.org/network/yanaa/)
- SAIGE (https://saige.arrowadvocacy.org)

# YP ഫൗണ്ടേഷന്റെ ചില സംരംഭങ്ങൾ

എല്ലാവർക്കും ഗർഭച്ഛിദ്രം ലഭ്യമാക്കുന്നതിനുള്ള ആഖ്യാനപരമായ മാറ്റം ആവശ്യപ്പെടുന്നതിനായി യുവജനങ്ങളുടെ നേതൃത്വം കെട്ടിപ്പടുക്കുന്നതിനായി YP ഫൗണ്ടേഷൻ ഹ്രസ്വകാല ഇടപെടലുകൾ നടത്തുന്നു. പഞ്ചാബിലെ രൂപ്നഗർ ജില്ലയിലെ ജില്ലാ ഭരണകൂടവുമായുള്ള അത്തരത്തിലുള്ള ഒരു ഇടപെടലിൽ, പ്രതിമാസ ഔദ്യോഗിക മീറ്റിംഗുകളിൽ മുൻ ഗണനാ അജണ്ടയായി അംഗീകൃത ഗർഭഛിദ്ര സൗകര്യങ്ങളുടെ നിരീക്ഷണവും വിലയിരുത്തലും ഡെപ്യൂട്ടി കമ്മീഷണർ ഉൾപ്പെടുത്തി. കൂടാതെ, സുരക്ഷിതമായ ഗർഭഛിദ്രത്തെക്കുറിച്ചുള്ള IEC മെറ്റീരിയലുകൾ (കൈക്കുറിപ്പുകളും ലഘുലേഖകളും) മൂന്ന് ഭാഷകളിൽ രൂപകൽപ്പന ചെയ്തിട്ടുണ്ട്, അതായത്. ഇംഗ്ലീഷ്, ഹിന്ദി, പഞ്ചാബി എന്നിവയും ഗർഭഛിദ്ര സൗകര്യങ്ങളിൽ വിതരണം ചെയ്യുകയും ചെയ്യുന്നു.





മഹാരാഷ്ട്രയിലെ പൂനെയിൽ, സമഗ്രമായ വിവരങ്ങൾ എത്തിക്കുന്നതിന് ഗർഭച്ഛിദ്ര സേവന ദാതാക്കൾക്ക് സൗകര്യമൊരുക്കുന്നതിനായി ഒരു സാധാരണ ചെക്ക്‌ലിസ്റ്റ് രൂപകൽപ്പന ചെയ്തിട്ടുണ്ട്. 7 അംഗീകൃത ഗർഭഛിദ്ര സൗകര്യങ്ങളിൽ ചെക്ക്‌ലിസ്റ്റ് വിതരണം ചെയ്തു, അതിൽ 4 സൗകര്യങ്ങൾ ഇത് പതിവായി ഉപയോഗിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്, അതേസമയം 3 സൗകര്യങ്ങൾ രോഗികളുടെ ഭാരം അനുസരിച്ച് ഇടയ്ക്കിടെ ഇത് ഉപയോഗിക്കുന്നു. സേവനദാതാക്കൾ അവരുടെ മനോഭാവം, വിവരങ്ങൾ നൽകുന്ന ചുറ്റുപാടുകൾ, വിവരങ്ങൾ എന്നിവയെ മാപ്പുചെയ്യുന്നതിന് ചെക്ക്‌ലിസ്റ്റ് ഉപയോഗപ്രദമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

# അനുബന്ധ വായനാ സാമഗ്രികൾ

| | |
|---|---|
| **ഗർഭച്ഛിദ്രവുമായി ബന്ധപ്പെട്ട അപമാനം കുറക്കാനുള്ളത്** | 1. ഗർഭച്ഛിദ്രവുമായി ബന്ധപ്പെട്ട അപമാനം ഇവിടെ വെച്ച് തീരുന്നു: മനസ്സിലാക്കാനും പ്രവർത്തിക്കാനുമുള്ള ഐപാസിന്റെ ഗൈഡ് (2018)<br>2. അപമാനത്തെ ഇല്ലാതാക്കാനുള്ള ക്രിയയുടെ ഗൈഡ് (2020)<br>3. ഗർഭച്ഛിദ്രത്തെ പറ്റി എങ്ങനെ സംസാരിക്കാം: IPPF നിർമിച്ച അവകാശവാദ സന്ദേശങ്ങളുടെ ഗൈഡ് (2015) |
| **നയങ്ങളുമായി എങ്ങനെ ഇടപെടാം** | 1. പൂർണ്ണമായ കഥ: ഗർഭച്ഛിദ്രത്തെ കൂടി ഉൾപ്പെടുത്തിയ സമഗ്ര ലൈംഗിക വിദ്യാഭ്യാസത്തിനായുള്ള വാദം IPAS-ൽ നിന്ന് (2020)<br>2. അവകാശങ്ങളെ അടിസ്ഥാനമാക്കിയുള്ള സുരക്ഷിത ഗർഭഛിദ്ര നയങ്ങൾ, പ്രോഗ്രാമുകൾ, സേവനങ്ങൾ എന്നിവയിലേക്ക് വക്താവിനുള്ള ഗൈഡ് ARROW-ൽ നിന്ന് (2021)<br>3. യൂത്ത് ആക്റ്റിവിസ്റ്റ് ഗൈഡ് അഡ്വക്കേറ്റ്സ് ഫോർ യൂത്ത്-ൽ നിന്ന് (2019)<br>4. ഗർഭനിരോധന വാദത്തിനുള്ള ഗൈഡ് YP ഫൌണ്ടേഷൻ-ൽ നിന്ന് (2020) |
| **ഇന്ത്യയിലെ ഗർഭഛിദ്രത്തിന്റെ മെഡിക്കൽ, നിയമപരമായ വശങ്ങൾ** | 1. സുരക്ഷിതവും നിയമപരവുമായ ഗർഭച്ഛിദ്രത്തിലേക്കുള്ള സമീപനം: ഇന്ത്യയിലെ ആരോഗ്യ സേവന ദാതാക്കൾക്കായി ഗർഭച്ഛിദ്ര നിയമങ്ങളെക്കുറിച്ചുള്ള കൈപ്പുസ്തകം, ജിൻഡാൽ ഗ്ലോബൽ ലോ സ്കൂൾ-ൽ നിന്ന്<br>2. ഇന്ത്യയിൽ സുരക്ഷിതമായ ഗർഭഛിദ്ര സേവനങ്ങൾ ആക്സസ് ചെയ്യുന്നതിനുള്ള നിയമപരമായ തടസ്സങ്ങൾ: NLSIU, Bangalore നടത്തിയ ഒരു വസ്തുത കണ്ടെത്തൽ പഠനം(2021)<br>3. പോക്സോ നിയമവും ഇന്ത്യയിൽ കൗമാരപ്രായക്കാർക്ക് ഗർഭഛിദ്രത്തിനുള്ള സമീപനവും, ജിൻഡാൽ ഗ്ലോബൽ ലോ സ്കൂൾ-ൽ നിന്ന് |

the yp foundation
feminist · intersectional · rights-based